Rs. 8.00

# ഓശാന

# HOSANNA

January - March 2017 Vol. 42 Issue 2

## ജനുവരി - മാർച്ച് 2017

(3) ഒരു ഗുരുവന്ദനം "ഓടരുതടോ ഓടരുത്"
- ജോസഫ് പുലിക്കുന്നേൽ
(6) ഷെവ. സി. ജെ. വർക്കി -ജോൺ കച്ചിറമറ്റം
(11) ഷെവ. സി. ജെ. വർക്കി - ചില ഓർമകൾ
(16) ഫ്രാൻസിസ് മാർപാപ്പായും പൊൻകുന്നം വർക്കിയും
(30)കോടികൾ മുടക്കി പണിയുന്ന പാരിഷ് ഹാളുകൾ - പി. സി. റോക്കി
(32 ക്രൈസ്തവ സ്ഥാപനങ്ങൾപോലും കച്ചവടത്തിന്റെ ഭാഗമായി - മുഖ്യമന്ത്രി
(34)നയങ്ങളിൽ അതൃപ്തി
സർക്കാരുമായി ഏറ്റുമുട്ടലിന് നിൽക്കാതെ സഭ
(35) കണ്ണു തുറപ്പിക്കാനും മോചിപ്പിക്കാനും
(38) കാൽവിൻ ചർച്ച് ഓഫ് ഹോളൻഡ്!
(40) ജസ്റ്റിസ് കെ.ടി.തോമസിന്റെ പ്രസക്തമായ

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

# HOSANA
**(Quarterly)**

Vol. 42 Issue 2 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**
Printed & published by:
**Joseph Pulikunnel**
Phone (O) **: 04822 - 236907**
Mob **: 9447196214, 9495586102**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com

അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് | ഇന്ത്യയിൽ | | വിദേശത്ത് | |
|---|---|---|---|---|
| 1 വർഷം | 90 | രൂപ | 750 | രൂപ |
| ഒറ്റപ്രതി | 8 | ,, | 80 | |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and
Printed at
CRLS Press, Hosanna Mount , Edamattom P.O. Kottayam Dist, Kerala - 686578
Editor : Joseph Pulikunnel

**January - March 2017**


# സുവിശേഷം

“എന്നാൽ, തങ്ങൾ വിശ്വാസമർപ്പിച്ചിട്ടില്ലാത്തവന്റെ നാമം വിളിച്ച് മനുഷ്യർ എങ്ങനെ അപേക്ഷിക്കും? തങ്ങൾ കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവനില്ലെങ്കിൽ അവർ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടാതെ എങ്ങനെ പ്രസംഗിക്കും? ‘സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര മനോഹരം!‘ എന്ന് എഴുതപ്പെട്ടിരിക്കുന്നല്ലോ. എന്നാൽ എല്ലാവരും സുവിശേഷം അനുസരിച്ചില്ല. യെശയ്യാ പറയുന്നു: ‘കർത്താവേ, ഞങ്ങളിൽനിന്നു കേട്ടത് ആരാണു വിശ്വസിച്ചത്?’ കേൾക്കുന്നതിൽനിന്നാണു വിശ്വാസം ഉളവാകുന്നത്. കേൾക്കുന്നതോ, ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗംവഴിയാണ്. ഞാൻ ചോദിക്കട്ടെ: അവർ കേട്ടിട്ടില്ലേ? തീർച്ചയായും അവർ കേട്ടിട്ടുണ്ട്. കാരണം, ‘അവരുടെ സ്വരം ഭൂമിയിലെങ്ങും എത്തിയിട്ടുണ്ട്; അവരുടെ വചനങ്ങൾ ഭൂമിയുടെ അതിർത്തികൾവരെയും.”

(റോമാ. 10 : 14 – 18)

# ഒരു ഗുരുവന്ദനം
# “ഓടരുതടോ ഓടരുത്”

ഞാൻ ഇന്റർമീഡിയറ്റിന് പഠിച്ചത് മൈസൂർ സെന്റ് ഫിലോമിനാസ് കോളേജിലാണ്. അന്ന് കോളേജിൽ പ്രിൻസിപ്പാളായിരുന്നത് പ്രശസ്ത കത്തോലിക്കാ നേതാവും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന പ്രൊഫ. ഷെവ. സി. ജെ. വർക്കിയായിരുന്നു. ശക്തമായ ആജ്ഞാശക്തി ഉണ്ടായിരുന്ന, വിദ്യാർഥിസ്നേഹിയായിരുന്ന ഷെവ. സി. ജെ. വർക്കിയെ വിദ്യാർഥികൾ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. മദ്രാസ് പ്രൊവിൻസിയിലെ കോൺഗ്രസ് മന്ത്രിസഭയിൽ (രാജാജി മന്ത്രിസഭ, 1935) വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി. ജെ വർക്കിയുടെ കീഴിൽ പഠിക്കുകയെന്നത് ഒരു അഭി മാനമായിരുന്നു. ശ്രീ. വർക്കിയുടെ വിദ്യാർഥി ആയിരുന്ന എനിക്ക് അദ്ദേഹത്തോട് അതീവ ബഹുമാനമായിരുന്നു . ഇന്റർമീഡിയറ്റ് ക്ലാസിൽ ഗ്രീക്ക് ഹിസ്റ്ററിയും റോമൻ ഹിസ്റ്ററിയും പഠിപ്പിച്ചിരുന്നു അദ്ദേഹം. ഒരു അധ്യാപകനെന്ന നിലയിൽ അതുല്യനായിരുന്നു. ചരിത്രവിദ്യാർഥി എന്ന നിലയിൽ അദ്ദേഹത്തിന്റെ ക്ലാസുകളിൽ ഇരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. അദ്ദേഹവുമായി ഒരു കാലഘട്ടത്തിൽ ഏറ്റുമുട്ടേണ്ട സന്ദർഭവും എനിക്കുണ്ടായി. ആ സംഭവത്തെക്കുറിച്ചാണ് ഇവിടെ കുറിക്കുന്നത്.

കോളേജ് തുറന്നിട്ട് അധികകാലം ആയില്ല. ഞാൻ ഫസ്റ്റ് ഇന്റർമീഡിയറ്റിന് പഠിക്കുകയാണ്. ഒരു ദിവസം രാവിലെ ഹോസ്റ്റലിൽനിന്നും കോളേജിലേക്ക് വരുമ്പോൾ പ്രിൻസിപ്പാളിന്റെ ഓഫീസിനു മുമ്പിൽ വിദ്യാർഥികൾകൂട്ടംകൂടിനിന്ന് എന്തെല്ലാമോ വിളിച്ചു പറയുന്നുണ്ട്. വിവരം അന്വേഷിച്ചതിൽനിന്നും സ്ട്രൈക്കിന്റെ കാരണം എന്താണെന്ന് എനിക്കു മനസ്സിലായില്ല. വിദ്യാർഥികൂട്ടത്തിന്റെ ഇടയിലൂടെ ഞാൻ നുഴഞ്ഞുകയറി പ്രിൻസിപ്പാളിന്റെ ഓഫീസ് റൂമിന്റെ വാതിൽക്കൽവരെയെത്തി. വിദ്യാർഥികളോ ശക്തമായി മുദ്രാവാക്യം വിളിക്കുന്നുണ്ട്. ഞാൻ പ്രിൻസിപ്പാളിന്റെ മുറിയുടെ നേരെ മുൻവശത്തെത്തിയപ്പോൾ പെട്ടെന്ന് ഓഫീസിന്റെ വാതിൽ തുറന്ന് സി. ജെ വർക്കിസാർ പുറത്തേക്കുവന്നു. അദ്ദേഹം എന്തോ അലറുന്നുണ്ടായിരുന്നു. ഞാൻ തിരിഞ്ഞുനോക്കുമ്പോൾ കൂട്ടംകൂടിനിന്നിരുന്ന വിദ്യാർഥികൾ എവിടെയോ മറഞ്ഞിരുന്നു. ഞാൻ നിൽക്കുന്നതിനുനേരെ മുമ്പിൽ വർക്കിസാർ എത്തി എന്നോട് ആജ്ഞാപിച്ചു "You run' . അവിടെ കൂടിയിരുന്ന വിദ്യാർഥികളോട് അദ്ദേഹം ഇംഗ്ലീഷിൽ പറഞ്ഞതും അതുതന്നെയായിരുന്നു. വിദ്യാർഥികൾ ഓടി മറയുകയായിരുന്നു. എന്റെ മുൻവശത്തുനിന്ന വർക്കിസാർ ഉറക്കെ വിളിച്ചു പറഞ്ഞു. "I say you run' ഞാൻ ഒന്നും അറിയാത്ത ഭാവത്തിൽ അവിടെനിന്നും നടന്ന് അടുത്തുള്ള എന്റെ ക്ലാസിലേക്കുപോയി. ആ ക്ലാസ് വർക്കിസാറാണ് എടുക്കേണ്ടിയിരുന്നത്. ഞാൻ ക്ലാസിൽ കയറി മുൻനിരയിൽ സ്ഥാനം പിടിച്ചു. വർക്കിസാർ എന്നെ ക്ലാസിൽ വെച്ച് കൂടുതൽ ശകാരി

ക്കുമെന്നാണ് ഞാൻ വിചാരിച്ചത്. ഒന്നും സംഭവിക്കാത്തമട്ടിൽ വർക്കി സാർ തലേദിവസത്തെ ക്ലാസിന്റെ ബാക്കി പറയാൻ തുടങ്ങി.

കാലത്ത് നടന്ന സംഭവത്തെ സംബന്ധിച്ച് ഒരു സൂചനയും അദ്ദേഹം നൽകിയില്ല. ക്ലാസ് കഴിഞ്ഞതിനുശേഷമാണ് വിദ്യാർഥികൾ എന്തിനാണ് പ്രിൻസിപ്പാളിന്റെ മുറിയുടെ വാതിൽക്കൽ മുദ്രാവാക്യം വിളിച്ചുകൂട്ടം കൂടി നിന്നിരുന്നത് എന്ന് മനസ്സിലായത്. തലേദിവസം കോളേജ് വക ഒരു ടീം വോളിബോളോ ഫുട്ബോളോ എന്തിനോ ഇന്റർ കോളിജിയേറ്റ് മത്സരത്തിൽ ജയിച്ചു. അതിനു ആഹ്ലാദസൂചകമായി ഒരു ദിവസം അവധി നൽകണമെന്നായിരുന്നു വിദ്യാർഥികളുടെ ആവശ്യം. ഏതായാലും ഒന്നും സംഭവിക്കാത്തവിധം അന്നത്തെ ക്ലാസ് കഴിഞ്ഞ് ഞാൻ ഹോസ്റ്റലിലേക്കു മടങ്ങി.

വൈകുന്നേരം ഫാ. വാർഡൻ എന്നെ വിളിച്ച് പ്രിൻസിപ്പാളിന്റെ വക ഒരു നോട്ടീസ് തന്നു. 'P. S. Joseph of Ist Intermediate may visit the principal at 7 PM today at his room." പ്രിൻസിപ്പാൾ അന്ന് കോളേജിലെ ഒരു മുറിയിൽ തന്നെയാണ് താമസിച്ചിരുന്നത്. കത്തുകിട്ടിക്കഴിഞ്ഞതോടെ എല്ലാവരും അതിനെക്കുറിച്ച് ചർച്ചചെയ്യാൻ ആരംഭിച്ചു. പ്രിൻസിപ്പാളിനെ ധിക്കരിച്ചതിന് കോളേജിൽ നിന്നും പിരിച്ചുവിടും എന്നുവരെ പലരും എന്നെ ഭീഷണിപ്പെടുത്തി. ആ ഭയം കോളേജ് വാർഡനും എന്നോട് പ്രകടിപ്പിച്ചു. ഞാൻ ആകെ കുഴപ്പത്തിലായി. എങ്കിലും നിർദേശിച്ചതനുസരിച്ച് കൃത്യം 7 മണിക്കു തന്നെ പ്രിൻസിപ്പാൾ താമസിച്ചിരുന്ന മുറിയുടെ വാതിൽക്കലെത്തി. എന്റെ വരവിനെ അറിയിച്ചുകൊണ്ട് കതകിൽ മുട്ടുന്നതിനുമുമ്പുതന്നെ "come in" എന്ന് വർക്കിസാർ വിളിച്ചു പറയുന്നത് കേട്ടു. ഞാൻ ഭയന്ന് ഒരു തരത്തിൽ മുറി തുറന്ന് അകത്തു പ്രവേശിച്ചു. വർക്കിസാർ ഒരു ചാരുകസേരയിൽ കിടക്കുകയായിരുന്നു. എന്നെ കണ്ടതോടെ അടുത്തു കിടന്ന കസേര ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "You sit" കഠിനമായ ഒരു ശിക്ഷ പ്രതീക്ഷിച്ചിരുന്ന എനിക്ക് കസേരയിൽ ഇരിക്കാനുള്ള മനസ്സാന്നിധ്യം ഉണ്ടായിരുന്നില്ല. വർക്കിസാർ ശക്തമായി ഒരു പ്രാവശ്യം കൂടി കസേരചൂണ്ടിക്കാണിച്ച് ആജ്ഞാപിച്ചു. "You sit" ഇരിക്കാൻ എനിക്കു മനസ്സുവന്നില്ല. എങ്കിലും പ്രിൻസിപ്പാളിന്റെ ആജ്ഞ ധിക്കരിക്കാൻ ഭയവുമായിരുന്നു. അതുകൊണ്ട് ഞാൻ കഷ്ടിച്ച് കസേരയിൽ ചന്തിമുട്ടിച്ച് ഇരുന്നു. വർക്കിസാറിന്റെ മുഖമാകെ മാറിയിരുന്നു. എവിടെനിന്നാണ് ഞാൻ വരുന്നതെന്ന് അദ്ദേഹം സ്നേഹപൂർവം ചോദിച്ചു. പാലായാണ് എന്റെ സ്വദേശമെന്നു ഞാൻ പറഞ്ഞു. തുടർന്നു സ്നേഹപൂർവം പാലായിലുള്ള സാറിന്റെ പരിചയക്കാരുടെ പേരുകൾ പറഞ്ഞു. ശ്രീ. എ. സി. കുര്യാക്കോസ്, ശ്രീ. കൊട്ടുകാപ്പള്ളി തൊമ്മച്ചൻ (പിന്നീട് എംപി.) ഇവരെയൊക്കെ അറിയുമോ എന്നു ചോദിച്ചു. ഇവരെയൊക്കെ അറിയുമെന്ന വിവരം ഞാൻ വർക്കിസാറിനെ അറിയിച്ചു. അപ്പോഴാണ് അദ്ദേഹം പ്രശ്നത്തിലേക്കു പോകുന്നത്. അദ്ദേഹം എന്നോടു ചോദിച്ചു. കാലത്ത് എന്താണെടോ സംഭവിച്ചത്. ഞാൻ പറഞ്ഞു. ഞാൻ ഹോസ്റ്റലിൽനിന്നും വരികയായിരുന്നു. അപ്പോൾ വിദ്യാർഥികൾ ഓഫീസിന്റെ വാതിക്കൽ കൂട്ടംകൂടിനിന്ന് മുദ്രാവാക്യം വിളിക്കുന്നു. എന്താണ് സംഭവിച്ചതെന്നറിയാൻ ഞാൻ തിക്കി വിദ്യാർ

ഥികൂട്ടത്തിനിടയിലൂടെ നുഴഞ്ഞു ഓഫീസ് വാതിക്കലെത്തി. അപ്പോഴാണ് സാർ കതകു തുറന്നു വരുന്നതും എന്നോട് ഓടാൻ പറഞ്ഞതും. ഞാൻ ഒരു തെറ്റും ചെയ് തില്ല സാർ. പിന്നെ ഞാൻ എന്തുകൊണ്ട് ഓടണം. അതുകൊണ്ടാണ് ഞാൻ നടന്ന് ക്ലാസിലേക്കു പോയത്. വർക്കിസാർ ഒന്നുചിരിച്ചു. എന്നിട്ട് താഴ്ന്ന സ്വരത്തിൽ പറഞ്ഞു. "ഓടരുതടോ, ഓടരുത്" താൻ തെറ്റ് ചെയ്തില്ലാ എന്ന് ഉത്തമബോധ്യം മനസ്സാക്ഷിയിൽ ഉണ്ടെങ്കിൽ തന്നോട് ആര് ഓടാൻ പറഞ്ഞാലും ഓടരുത്. നമ്മുടെ ജീവിതത്തിൽ നമ്മളെ ഓടിക്കാൻ പലരും പരിശ്രമിക്കും. ഓടാതെ നിൽക്കുക. ജീവിതത്തിൽ ഈ ഭീഷണി പലപ്പോഴും എനിക്കും ഉണ്ടായിട്ടുണ്ട്. ഞാൻ ഓടിയിട്ടില്ല. എന്ത് നഷ്ടം വന്നാലും മനസ്സാക്ഷിക്കു വിരുദ്ധമായി താൻ ഒന്നും ചെയ്യരുത്. അദ്ദേഹം സംസാരിച്ചുതീർന്നു. കൈകൊണ്ട് എന്നോട് പൊയ്ക്കൊള്ളുന്നതിന് അനുവാദവും തന്നു. ഞാൻ മുറിയിൽ നിന്നും പുറത്തിറങ്ങി ഹോസ്റ്റലിലേക്കുപോയി. എന്നെ കാത്തിരുന്ന സുഹൃത്തുക്കൾ ശിക്ഷ എന്താണെന്നറിയാൻ ഓടിക്കൂടി. "ഓടരുതടോ ഓടരുത്" എന്ന പ്രിൻസിപ്പാളിന്റെ ഉപദേശം ഞാൻ സുഹൃത്തുക്കളോടു പറഞ്ഞു. ഓടാതിരുന്നതിനു അനുമോദിക്കുകയാണ് വർക്കിസാർ ചെയ്തതെന്നുകൂടി ഞാൻ പറഞ്ഞു. സ്നേഹിതന്മാരും വാർഡനും വളരെ സന്തോഷത്തോടുകൂടി പിരിഞ്ഞു.

"ഓടരുതടോ ഓടരുത്" എന്ന വർക്കിസാറിന്റെ ഗംഭീരസ്വരം ഈ 85-ാം വയസ്സിലും എന്റെ ചെവിയിൽ മുഴങ്ങുന്നുണ്ട്. അതായിരുന്നു വർക്കിസാർ. വിദ്യാർഥികളെ പേടിപ്പിക്കുകയല്ല ശരിയായി ഉപദേശിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു.

എന്റെ ജീവിതത്തിൽ പലപ്പോഴും ക്രൂദ്ധനായി വന്ന് ഓടാൻ പറഞ്ഞവരുണ്ട്. ഓടാതിരുന്നിട്ടുമുണ്ട്. അതിനുള്ള ശിക്ഷ അനുഭവിച്ചിട്ടുമുണ്ട് എന്ന് ഇന്ന് രോഗശയ്യയിലായ ഞാൻ ഓർക്കുന്നു. ഈ വാക്കുകൾ കുറിക്കുന്നത് എന്റെ ഗുരുവന്ദനമാണ്. പ്രശസ്തരായ പ്രിൻസിപ്പാളുമാരുടെകീഴിൽ പഠിക്കാനും പഠിപ്പിക്കാനുമുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട് എന്ന് ഞാൻ ഓർക്കുന്നു. ലയോള കോളേജിലെ പ്രിൻസിപ്പാളായിരുന്ന ഈശോസഭാ വൈദികൻ ഫാ. ഗോർഡൻ എന്റെ പ്രിൻസിപ്പാളായിരുന്നു. അദ്ദേഹത്തെ ഞാൻ സ്മരി ക്കുന്നു. പ്രസിഡൻസി കോളേജിൽ എന്റെ പ്രിൻസിപ്പാളായിരുന്ന പിന്നീട് കേന്ദ്ര പബ്ലിക് സർവീസ് കമ്മീഷൻ അംഗമായിരുന്ന ഡോ. അബ്ദുൾ ഹക്കിനെ ഞാൻ ഓർക്കുന്നു. ഞാൻ ദേവഗിരികോളേജിൽ അധ്യാപകവൃത്തി ആരംഭിച്ചപ്പോൾ എന്റെ പ്രിൻസിപ്പാളായിരുന്ന റവ. ഫാ. തിയോഡോഷ്യസ് കരിപ്പാപ്പറമ്പിൽ സി.എം.ഐ. അവർകളെയും ഞാൻ ഇത്തരുണത്തിൽ സ്മരിക്കുകയും മനസ്സുകൊണ്ട് ആദരിക്കുകയും ചെയ്യുന്നു. ഈ വന്ദ്യരായ ഗുരുക്കന്മാരുടെ സ്മരണകളേ, അവരുടെ മുമ്പിൽ രോഗിയും വൃദ്ധനുമായ എന്റെ ബാഷ്പാഞ്ജലി അർപ്പിക്കട്ടെ.

എഡിറ്റർ **'ഓശാന'**
ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.
കോട്ടയം - 686 578
മൊബൈൽ : 9447196214

# ഷെവ. സി. ജെ. വർക്കി

**ജോൺ കച്ചിറമറ്റം**

ഇന്ന് കത്തോലിക്കരുടെ മനസ്സിൽനിന്നും പൂർണമായും മറഞ്ഞു പോയ ഷെവ. സി. ജെ. വർക്കിയെക്കുറിച്ച് ശ്രീ. ജോൺ കച്ചിറമറ്റം ദീപികയിൽ എഴുതിയ ഒരു അനുസ്മരണം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നത് ചരിത്ര വിദ്യാർഥികൾക്കും കത്തോലിക്കാ സമുദായ അംഗങ്ങൾക്കും ഉപകാരപ്രദമായിരിക്കും എന്ന് കരുതുന്നു. തീവ്രവാദികൾ അധ്യാപകന്റെ കൈവെട്ടിയ സംഭവത്തെക്കുറിച്ച് അനുശോചനം പ്രകടിപ്പിക്കാതിരുന്ന കഠിനഹൃദയരായ വിദ്യാഭ്യാസ കച്ചവടക്കാർ പൂർവികരായ ഈ മഹാമനസ്കരെക്കുറിച്ച് ഓർത്തിരുന്നെങ്കിൽ എന്ന് പ്രാർഥിക്കുകയാണ്.

## “സമുദായ പരിഷ്കർത്താവായിരുന്ന ഷെവ. സി. ജെ. വർക്കി

*കത്തോലിക്കരിൽനിന്ന് ആദ്യമായി മന്ത്രിസ്ഥാനത്തേക്കുയർത്തപ്പെട്ട ഷെവ. സി. ജെ. വർക്കിയുടെ 125-ാം ജന്മവാർഷികം ഇന്ന്*

സമുദായ പരിഷ്കരണരംഗത്തും വിദ്യാഭ്യാസരംഗത്തും പത്രപ്രവർത്തനരംഗത്തും സ്വന്തമായ വ്യക്തിമുദ്ര പതിപ്പിച്ച ഷെവ. സി. ജെ. വർക്കിയുടെ 125-ാം ജന്മവാർഷികം ഇന്ന്. അദ്ദേഹം 1891 മാർച്ച് 20-ന് തൃശൂർ ജില്ലയിലെ കോട്ടപ്പടി ഇടവകയിൽ ചുങ്കത്ത് കുടുംബത്തിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോളേജ്, തൃശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം, കേരളത്തിൽനിന്നുള്ള പല പ്രതിഭാശാലികളെയും വാർത്തെടുത്ത തൃശിനാപ്പള്ളി കോളേജ്, വർക്കിയിൽ വേരൂന്നിയിരുന്ന സമുദായസ്നേഹം ആഴത്തിൽ പ്രതിഫലിപ്പിക്കാൻ കളമൊരുക്കി. അവിടെ പഠിച്ചിരുന്ന കേരളീയ വിദ്യാർഥികളുമായി സമുദായപ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തിയിരുന്നു. ആ ചർച്ചകൾ പ്രായോഗിക തലത്തിലേക്കു കൊണ്ടുവരാൻ വർക്കിക്കു സാധിച്ചതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം.

പഠനത്തിൽ അതിസമർഥനായിരുന്ന വർക്കി ഡിസ്റ്റിംഗ്ഷനോടെ ഇന്റർമീഡിയറ്റ് പാസായി. ഓണേഴ്സിനും അവിടെത്തന്നെ പഠിച്ച് പ്രശസ്ത വിജയം നേടി. 23-ാം വയസിൽ മംഗലാപുരം സെന്റ് അലോഷ്യസ് കോളജിൽ ലക്ചറർ ആയി. ഏറെത്താമസിയാതെ പ്രൊഫസർ സ്ഥാനത്തെത്തി. തെക്കെ ഇന്ത്യയിലെ പ്രഗത്ഭനായ അധ്യാപകൻ എന്ന പ്രശസ്തിക്ക് അദ്ദേഹം അർഹനായി.

### സംഘടനാരംഗം

1919-ൽ മംഗലാപുരത്ത് കത്തോലിക്കരെ സംഘടിപ്പിക്കുകയും അതിനെ അഖിലേന്ത്യാ പ്രസ്ഥാനമായി വളർത്താൻ ശ്രമിക്കുകയും

ചെയ്തു. അതാണ് ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ. ഇതിനിടെ പല പ്രസിദ്ധീകരണങ്ങളും അദ്ദേഹം ആരംഭിക്കുകയും സംഘടനാ പ്രവർത്തനത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കുകയും ചെയ്തു. സൗത്ത് കാനറാ കാത്തലിക് അസോസിയേഷന്റെ സ്ഥാപകനായ അദ്ദേഹം അതിന്റെ സ്ഥാപക സെക്രട്ടറിയായി രണ്ടുവർഷം പ്രവർത്തിച്ചു. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച എഡ്യൂക്കേഷൻ സബ്കമ്മിറ്റിയുടെ സെക്രട്ടറിയും അദ്ദേഹംതന്നെയായിരുന്നു. അതിന്റെ ഔദ്യോഗിക ജിഹ്വയായി 'മാംഗലോർ' എന്ന മാസിക പ്രസിദ്ധീകരിച്ചു. അതിന്റെ എഡിറ്ററായും പ്രവർത്തിച്ചു.

വേദോപദേശത്തിന് ഇന്റർകൊളീജിയറ്റ് പരീക്ഷ നടത്തുന്ന സമ്പ്രദായം ആരംഭിക്കുകയും ദീർഘകാലം അതിന്റെ പരീക്ഷാബോർഡ് സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. മദ്രാസ് പ്രസിഡൻസിയിലെ കാത്തലിക് എഡ്യൂക്കേഷൻ കൗൺസിലിന്റെ ആരംഭകനും അതിന്റെ ആദ്യകാല സെക്രട്ടറിയുമായിരുന്നു. മംഗലാപുരത്തെ കാത്തലിക് യൂണിയൻ ക്ലബും ജെന്റിൽമെൻസ് സൊസൈറ്റിയും വർക്കിയുടെ കരപരിലാളനമേറ്റു വളർന്നതാണ്.

## കാത്തലിക് എഡ്യൂക്കേഷണൽ റിവ്യൂ

മദ്രാസിൽവച്ച് 1920-ൽ നടന്ന മരിയൻ കോൺഗ്രസിന്റെ സ്മാരകമായി കാത്തലിക് എഡ്യൂക്കേഷണൽ റിവ്യൂ എന്ന പ്രസിദ്ധീകരണം ആരംഭിക്കാൻ വർക്കിയെ പ്രേരിപ്പിച്ചത് കത്തോലിക്കാ വിദ്യാഭ്യാസ രംഗങ്ങളെ ഏകോപിപ്പിക്കുകയെന്ന ലക്ഷ്യമായിരുന്നു. അതിന്റെ ഉടമസ്ഥനും പത്രാധിപരും എല്ലാം അദ്ദേഹംതന്നെയായിരുന്നു. സാമ്പത്തിക കാരണങ്ങളാൽ ആ പ്രസിദ്ധീകരണം നിറുത്തേണ്ടിവന്നെങ്കിലും കത്തോലിക്കാ വിദ്യാഭ്യാസ അവകാശസംരക്ഷണത്തിനുവേണ്ടി തന്റെ നാവും തൂലികയും ബുദ്ധിയും അനുസ്യൂതം പ്രയോഗിച്ചുകൊണ്ടിരുന്നു. ഇന്ത്യൻ കാത്തലിക് ട്രൂത്ത് സൊസൈറ്റിയുടെ നാല് ആരംഭകരിൽ ഒരാളായിരുന്നു വർക്കി. മംഗലാപുരം കൊങ്കണി ട്രൂത്ത് സൊസൈറ്റിയുടെ ആരംഭകനും വർക്കിതന്നെ.

1930-ൽ മംഗലാപുരത്ത് നടന്ന അഖിലേന്ത്യാ കാത്തലിക് കോൺഗ്രസിന്റെയും 1931-ൽ ആരംഭിച്ച അഖിലേന്ത്യാ കാത്തലിക് ലീഗിന്റെയും ആരംഭകനും സെക്രട്ടറിയും സി.ജെ.വർക്കി തന്നെയായിരുന്നു. ഏഴുവർഷക്കാലം കാത്തലിക് ലീഗ് ഇന്ത്യൻ കത്തോലിക്കരുടെ ഔദ്യോഗിക വക്താവായിരുന്നു. ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധപ്പെടുത്തുകയും അഖിലേന്ത്യ ലേമെൻ ഡയറക്ടറി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ലീഗിന്റെ ശ്രമഫലമായി കത്തോലിക്കാ പ്രസിദ്ധീകരണ പ്രദർശനവും നടത്തി. കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ സ്ഥാപകനായ വർക്കി ഷെവ. രത്നസ്വാമി പ്രസിഡന്റായപ്പോൾ അതിന്റെ വൈസ്പ്ര

സിഡണ്ടാകാനും തയാറായി. പദവിയുടെ സ്ഥാനവലിപ്പം ഒന്നും അദ്ദേഹത്തിനു പ്രശ്നമായിരുന്നില്ല.

## മലബാർ കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

ഫാ. ഒണോരെ എസ്. ജെ.യുടെ നേതൃത്വത്തിൽ എം.സി.എസ്. എൽ. രൂപീകരിക്കുന്നതിൽ വർക്കി മുഖ്യ പങ്കുവഹിച്ചു. ആ വിദ്യാർഥി സംഘടനയുടെ പ്രസിഡന്റായി നാലു വർഷക്കാലം പ്രവർത്തിച്ചു. എം. സി.എസ്.എൽ-ന്റെ മുഖപത്രമായ മലബാർ കാത്തലിക് സ്റ്റുഡന്റ്സ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണം ആരംഭിച്ച വർക്കി അതിന്റെ മുഖ്യ പത്രാധിപരുമായിരുന്നു. പിൽക്കാലത്ത് എം.സി.എസ്.എൽ പ്രവർത്തനം നിലച്ചപ്പോൾ അതിനെ പുനരുദ്ധരിക്കുന്നതിലും വർക്കി നിർണായകപങ്ക് വഹിച്ചു.

## മന്ത്രിസ്ഥാനത്തേക്ക്

1935-ലെ ഇന്ത്യ ആക്ടിനെത്തുടർന്ന് മദ്രാസ് നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച് വർക്കി വിജയിച്ചു. അതേത്തുടർന്നു മദ്രാസിൽ രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ രൂപീകരിച്ച മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയുടെ പാർലമെന്ററി സെക്രട്ടറിയായി വർക്കി നിയമിതനായി. വർക്കിയുടെ കഴിവുകൾക്കുള്ള അംഗീകാരമായി അധികം താമസിയാതെ അദ്ദേഹത്തെ വിദ്യാഭ്യാസമന്ത്രിയായി നിയമിച്ചു. ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ മന്ത്രിയായിരുന്നു വർക്കി.

ഭാരത സ്വാതന്ത്ര്യ സമരത്തിന്റെ ഗതി മാറിയതോടെ കോൺഗ്രസ് മന്ത്രിസഭകൾ ബ്രിട്ടീഷ് മേൽക്കോയ്മയോട് ഇടഞ്ഞ് രാജിവച്ചു. അതോടെ പ്രമുഖനായ ഭരണകർത്താവ് തൊഴിൽരഹിതനായി. തൃശൂർ സെന്റ് തോമസ് കോളജിൽ ഒരു വർഷം ഓണററി പ്രൊഫസറായി ജോലിനോക്കി. തേവര കോളജിന്റെ ആരംഭഘട്ടത്തിൽ അഞ്ചുവർഷം വൈസ് പ്രിൻസിപ്പലുമായിരുന്നു. തേവര കോളജിന്റെ ഇന്നത്തെ ഉയർച്ചയ്ക്ക് അടിസ്ഥാനമിട്ടത്. ഷെവ. വർക്കിയായിരുന്നു. ഭരണരംഗത്തും വിദ്യാഭ്യാസരംഗത്തും അദ്ദേഹം ആർജിച്ച കഴിവുകൾ തേവര കോളജിന്റെ ഔന്നത്യത്തിനു കാരണമായി.

വിദ്യാഭ്യാസരംഗത്ത് അദ്ദേഹത്തിന്റെ കഴിവുകൾ വിനിയോഗിക്കാൻ കേരളം തയ്യാറായില്ല. പരാതിയോ പരിഭവമോ ഇല്ലാതെ മൈസൂർ സെന്റ് ഫിലോമിനാസ് കോളജിന്റെ പ്രിൻസിപ്പൽ ആയി അദ്ദേഹം ജോലി സ്വീകരിച്ചു. രണ്ടു വർഷത്തിനുശേഷം രോഗം മൂലം ജോലിയിൽനിന്ന് വിരമിക്കേണ്ടിവന്നു.

വർക്കിയുടെ വിവിധങ്ങളായ കഴിവുകൾ നേരിട്ടു മനസിലാക്കിയ മദ്രാസ് സർവകലാശാല അദ്ദേഹത്തിന്റെ സേവനങ്ങൾ പ്രയോജനപ്പെ

ടുത്തി. മദ്രാസ് സർവകലാശാലയുടെ യൂണിവേഴ്സിറ്റി ജേർണലിന്റെ ആരംഭകനും ആദ്യകാല പത്രാധിപരുമായിരുന്നു. ചരിത്ര ഡിപ്പാർട്ട്മെന്റിന്റെ ചീഫ് എക്സാമിനർ, എക്സാമിനർ ബോർഡ് ചെയർമാൻ, മദ്രാസ് സർവകലാശാലാ സിൻഡിക്കേറ്റംഗം, സെനറ്റംഗം എന്നീ നിലകളിലും വിലപ്പെട്ട സേവനം കാഴ്ചവച്ചു. മദ്രാസ് സർവകലാശാലയുടെ തന്നെ അക്കാഡമിക് കൗൺസിലിലും അഫിലിയേറ്റഡ് കോളജ് കൗൺസിൽ, ആർട്സ് ഫാക്കൽറ്റി മുതലായവയിലും ദീർഘകാലം അംഗമായി പ്രവർത്തിച്ചു.

ഉന്നതമായ സ്ഥാനമാനങ്ങൾ വഹിച്ചപ്പോഴും കത്തോലിക്കാസമുദായത്തിലെ ഒരംഗം എന്ന നിലയിൽ പ്രവർത്തിക്കാൻ അദ്ദേഹം മറന്നില്ല. 1919 മുതൽ കാൽ നൂറ്റാണ്ടുകാലം ഇന്ത്യയിലെ കത്തോലിക്കരെ സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്ത് പ്രവർത്തിച്ച വർക്കി 1945 ഓടുകൂടിയാണ് കേരളത്തിലെ ജനകീയ പ്രക്ഷോഭങ്ങളിൽ വിശിഷ്യ തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിൽ സജീവമായി പങ്കുചേരുന്നത്. വിദ്യാഭ്യാസ പ്രക്ഷോഭകാലത്ത് എകെസിസി ജനറൽ സെക്രട്ടറി സിറിയക് കണ്ടത്തിലിനെ വീട്ടുതടങ്കലിലാക്കിയപ്പോൾ സി.ജെ.വർക്കി ആക്ടിംഗ് ജനറൽസെക്രട്ടറിയായി.

എകെസിസിയുടെ ഔദ്യോഗിക ജിഹ്വയായി ബുള്ളറ്റിൻ ആരംഭിക്കുന്നതിനു മുൻകൈയെടുത്ത വർക്കിയെതന്നെ അതിന്റെ ഉപദേശകനായി വർക്കിംഗ് കമ്മിറ്റി നിയമിച്ചു. എകെസിസി ഭരണഘടന പരിഷ്കരിക്കാൻ നിയുക്തമായ കമ്മിറ്റിയുടെ കൺവീനറും വർക്കിതന്നെയായിരുന്നു. 1945 മുതൽ 1951 വരെ എകെ.സിസി വർക്കിംഗ് കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രങ്ങൾക്കെതിരെ സി.ജെ.വർക്കി തന്റെ തൂലിക പടവാളാക്കി.

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഇദംപ്രഥമമായി നടത്തപ്പെട്ട ഒരു പ്രസ്ഥാനമാണ് ഗ്രീഷ്മകാല വിദ്യാലയം. യുവാക്കന്മാർക്ക് സാമൂഹ്യസേവന വിഷയത്തിൽ വേണ്ട പരിശീലനവും ജ്ഞാനവും നൽകുകയെന്ന ലക്ഷ്യത്തോടെയാണ് 1949-ൽ ഗ്രീഷ്മകാല വിദ്യാലയം ആരംഭിച്ചത്. അവധിക്കാലത്ത് ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിപാടിയാണ് ആവിഷ്കരിച്ചത്. കമ്യൂണിസ്റ്റ് വിപത്തിനെ മുന്നിൽക്കണ്ടാണ് ഈ പ്രസ്ഥാനത്തിനു രൂപംകൊടുത്തത്. ഗ്രീഷ്മകാല വിദ്യാലയത്തിന്റെ ഉപജ്ഞാതാവ് വർക്കിതന്നെയായിരുന്നു.

## ജയഭാരതം മാസിക

കത്തോലിക്കാ വിജ്ഞാനത്തെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണു ജയഭാരതം മാസിക വർക്കി ആരംഭിച്ചത്. ഇംഗ്ലീഷ് ഭാഷയിലാണ് വർക്കി കൂടുതൽ ഗ്രന്ഥങ്ങളും എഴുതിയത്. മഹാത്മജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസ

ത്തിന്റെ സമഗ്രപഠനമാണ് വാർധാപദ്ധതി. അതിന്റെ പരിഭാഷ തമിഴിലും വേണ്ടിവന്നു. ഇന്ത്യാചരിത്രം, ഗ്രീക്കുചരിത്രം, റോമാചരിത്രം, ബ്രിട്ടീഷ് ഭരണഘടനാ ചരിത്രം എന്നിവ അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥങ്ങളാണ്. സഭയും മതപരമായ അധികാരവും, മാനസാന്തരവും അല്മായരും, കേരളത്തിലെ സുറിയാനി കത്തോലിക്കാ സമൂഹം, സൗഹാർദം, ക്രിസ്തുവിന്റെ പടയാളികൾ, അലക്സ് എം. ലെപ്പസിയെ എന്നിവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളാണ്.

പനമ്പള്ളി 1950-ൽ കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിക്കെതിരേ പ്രക്ഷോഭത്തിനു സി.ജെ.വർക്കി സജീവമായ നേതൃത്വം നൽകി. അന്നു കത്തോലിക്കാ കോൺഗ്രസ് ഇംഗ്ലീഷിൽ തയാറാക്കിയ നിവേദനത്തിനു രൂപം നൽകിയത് സി.ജെ.വർക്കിയാണ്. തന്റെ കഴിവുകൾ മുഴുവനും സഭയ്ക്കും സമുദായത്തിനുംവേണ്ടി വിനിയോഗിച്ച ഒരു യോഗിയായിരുന്നു വർക്കി. ഭക്തനും ആദർശശാലിയുമായിരുന്ന വർക്കിയുടെ വിശിഷ്ട സേവനങ്ങൾ കണക്കിലെടുത്ത് മാർപാപ്പാ അദ്ദേഹത്തെ ഷെവലിയർ സ്ഥാനം നൽകി ആദരിച്ചു.

ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ മന്ത്രി സാമ്പത്തികമായി കഷ്ടപ്പെട്ടാണ് അവസാനകാലം ചെലവഴിച്ചത്. 1953 മെയ് 25-ന് അദ്ദേഹം നിര്യാതനായി. കോന്തുരുത്തി പള്ളി സെമിത്തേരിയിൽ പ്രഗത്ഭ നേതാക്കൾ ആരുടെയും സാന്നിധ്യമില്ലാതെ മൃതദേഹം സംസ്കരിച്ചു.

●●

---

(15-ാം പേജ് തുടർച്ച)

*മന്ത്രിയായപ്പോൾ അദ്ദേഹത്തെ സ്വീകരിച്ചാനയിക്കാൻ യഥാർത്ഥ കോൺഗ്രസ്സുകാർക്കുപോലും വേണ്ടത്ര സൗകര്യം കൊടുക്കാത്തമട്ടിൽ തിരുസഭയുടെ ബ്യൂറോക്രസി കുത്തിക്കയറിക്കളഞ്ഞു. മൈലാപ്പൂരിൽ അദ്ദേഹത്തിന്റെ വസതിയിൽ എപ്പോൾ ചെന്നാലും കണ്ടിരുന്നതു തിരുസഭയുടെ സൂത്രധാരന്മാരെയാണ്."* (കൊഴിഞ്ഞ ഇലകൾ, ജോസഫ് മുണ്ടശ്ശേരി, പേജ് 85-87)

കത്തോലിക്കാ സമുദായത്തെ ദീർഘമായി സേവിച്ച ശ്രീ. കച്ചിറമറ്റം ചൂണ്ടിക്കാണിക്കുന്നതുപോലെ കത്തോലിക്കാ സമുദായത്തെ ദീർഘകാലം സേവിച്ച വർക്കിക്ക് സഭാധികാരം ഒരിക്കലും പിന്തുണ നൽകിയിരുന്നില്ല. അദ്ദേഹത്തിന്റെ ശവസംസ്കാരത്തിനുപോലും ഒരു മെത്രാനും എത്തിയിരുന്നില്ല.

□□

# ഷെവ. സി. ജെ. വർക്കി
## ചില ഓർമകൾ

**ജോസഫ് പുലിക്കുന്നേൽ**

സി. ജെ. വർക്കിസാർ ഒരു കൊല്ലമേ മൈസൂർ സെന്റ് ഫിലോമിനാസ് കോളേജിൽ പ്രിൻസിപ്പാൾ ആയി ജോലിനോക്കിയിരുന്നുള്ളൂ. അക്കൊല്ലം അദ്ദേഹത്തെ അവിടെനിന്നും പിരിച്ചുവിട്ടു.

ഞാൻ ലയോള കോളേജിൽ പഠിക്കുമ്പോൾ സി. ജെ. വർക്കിസാറിനെ മദ്രാസിലുള്ള ഒരു മുസ്ലീം എഡ്യൂക്കേഷണൽ സൊസൈറ്റി നടത്തുന്ന എ.എം.ഐ ഡിപ്ലോമാ കോളേജിൽ കറസ്പോണ്ടന്റായി നിയമിതനായ വിവരം പത്രത്തിൽ വായിച്ചറിഞ്ഞു. ആ സ്ഥാപനം മദ്രാസിലെ എന്നൂർ കടപ്പുറത്താണ് എന്ന് അന്വേഷിച്ചറിഞ്ഞു. ഞാൻ ഗുരുദക്ഷിണയായി കുറച്ച് ഓറഞ്ച് വാങ്ങി വർക്കിസാറിനെകാണാൻ എന്നൂരിലേക്ക് പുറപ്പെട്ടു. വളരെചൂടുള്ള എന്നൂർ കടപ്പുറത്ത് ഒരു പഴയ കെട്ടിടത്തിലായിരുന്നു വർക്കിസാർ താമസിച്ചിരുന്നത്. ഇടിഞ്ഞുപൊളിഞ്ഞ ആ കെട്ടിടം കണ്ടുപിടിച്ച് ഞാൻ വർക്കി സാറിന്റെ സവിധത്തിലെത്തി. അദ്ദേഹത്തിന് എന്നെ മനസ്സിലായി. ഓറഞ്ച് ഞാൻ അദ്ദേഹത്തിന് സമർപ്പിച്ചു. അദ്ദേഹം പറഞ്ഞു: എനിക്ക് പ്രമേഹരോഗമുണ്ട്, ഓറഞ്ച് കഴിക്കാൻ പാടില്ല. എങ്കിലും അദ്ദേഹം ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് ഒരു അല്ലി എനിക്ക് തന്നുകൊണ്ട് അദ്ദേഹവും കഴിച്ചു. എന്നെ ഇരുത്തി അദ്ദേഹത്തിന്റെ ആത്മകഥ പറയാൻ തുടങ്ങി.

ഞാൻ കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ മണ്ഡലത്തെ സേവിച്ചു. അവസാനം ഇപ്പോൾ എനിക്ക് ഈ മുസ്ലീം മാന്യൻ നൽകുന്ന കാശു കൊണ്ടുവേണം അരി മേടിക്കാൻ. ഞാൻ ഒരു രോഗിയാണ്. ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് ആ മാന്യന് ഈ ഡിപ്ലോമാ കോഴ്സ് അനുവദിക്കുന്നത്. സെന്റ് ഫിലോമിനാസ് കോളേജിൽ നിന്നും പിരിച്ചുവിട്ടു എന്നറിഞ്ഞ് ആ മാന്യൻ എന്നെ വന്നുകണ്ട് കറസ്പോണ്ടന്റായി ഇരിക്കാമോ എന്നു ചോദിച്ചു. ഞാൻ സ്വീകരിച്ചു, എനിക്കും ജീവിക്കണ്ടേ!!

അദ്ദേഹം തുടർന്നു: രാജാജി മന്ത്രിസഭ രാജിവെച്ചപ്പോൾ എന്നെ ക്രിസ്ത്യൻ വിഭാഗത്തിന്റെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അംഗമാക്കുവാൻ രാജാജി നെഹ്റുവിനോടു റെക്കമെന്റ് ചെയ്തു എന്ന് ഞാൻ അറിഞ്ഞു. എന്നെ മദ്രാസിലെ ക്രിസ്ത്യൻ മണ്ഡലത്തിൽനിന്നും ക്രിസ്ത്യൻ പ്രതിനിധിയായി മദ്രാസ് അസംബ്ലിയിലേക്ക് തെരഞ്ഞെടുത്തതായിരുന്നു. ഞാൻ മാത്രമായിരുന്നു ക്രിസ്ത്യാനികളുടെ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകഅംഗം. അങ്ങനെയാണ് ക്രിസ്ത്യൻ പ്രതിനിധി എന്ന നിലയിൽ കോൺസ്റ്റിറ്റ്യുവന്റ് അസം

ബ്ലിയിലേക്ക് രാജാജി എന്നെ നോമിനേറ്റ് ചെയ്യാൻ റെക്കമന്റ് ചെയ്തത്. അന്ന് ഡൽഹി ബിഷപ്പായിരുന്ന ഒരു ഈശോസഭക്കാരൻ മെത്രാൻ നെഹ്റുവിനെ സ്വാധീനിച്ചാണ് മദ്രാസ് ലയോള കോളേജിന്റെ പ്രിൻസിപ്പാളായിരുന്ന ഫാ. ജറോം ഡിസൂസയെ ക്രിസ്ത്യൻ സമുദായ പ്രതിനിധിയായി കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്ക് നോമിനേറ്റ് ചെയ്തത്. പിന്നീട് രാജാജി വത്തിക്കാന്റെയും പോർട്ടുഗലിന്റെയും പ്രതിനിധിയായി എന്നെ നിയമിക്കണമെന്ന് നെഹ്റുവിനോട് ശുപാർശ ചെയ്തിരുന്നു. അതും നടന്നില്ല. ആരാണ് ഇക്കാര്യത്തിൽ സി.ജെ. വർക്കി സാറിന് എതിരെ പ്രവർത്തിച്ചതെന്ന് അദ്ദേഹം പറഞ്ഞുമില്ല.

മറ്റൊരു കാര്യംകൂടി അദ്ദേഹം പറഞ്ഞു: തേവര കോളേജ് സ്ഥാപിക്കുന്ന കാലം. സാധാരണയായി മദ്രാസ് യൂണിവേഴ്സിറ്റി കൊച്ചിയിലെ കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കാറില്ല. മാത്രമല്ല രണ്ടാം ലോകമഹായുദ്ധക്കാലത്ത് കെട്ടിടം പണിയാൻ സിമന്റിന് വറുതി. ഗവൺമെന്റിനെ സ്വാധീനിച്ച് കോളേജ് പണിക്ക് സിമന്റ് അനുവദിക്കേണ്ടിയിരുന്നു. സി.എം.ഐ സഭയുടെ സുപ്പീരിയറായിരുന്ന ഫാ. സാലസ് എന്നെ വിളിച്ചു നിർത്തി കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പാളായി സാറിനെ നിയമിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം എന്നുംകൂടി പറഞ്ഞു. ഇക്കാര്യം ഞാൻ എന്റെ ഡയറിയിൽ എഴുതിയിട്ടുണ്ട്. മദ്രാസ് യൂണിവേഴ്സിറ്റിയിലേക്ക് തേവര കോളേജ് അഫിലിയേറ്റ് ചെയ്യാനും മദ്രാസ് പ്രോവിൻസിൽനിന്നും കോളേജ് പണിക്ക് ആവശ്യമായ സിമന്റ് നൽകാനും മദ്രാസ് ഗവൺമെന്റിനോട് ഞാൻ ഇടപെട്ട് അനുവാദം വാങ്ങി.

കോളേജ് പണി തീരാറായപ്പോൾ ബഹു. സാലസച്ചൻ എന്നെ വിളിച്ച് മാറ്റിനിർത്തി ഇങ്ങനെ പറഞ്ഞു: കോളേജ് ആരംഭിക്കുകയാണ്. സി.എം.ഐ സഭയുടെ ആദ്യത്തെ കോളേജാണ് തേവര കോളേജ്. അത് സ്ഥാപിക്കുന്നതിന് സാർ ചെയ്ത സേവനങ്ങൾക്ക് നന്ദി പറയുന്നു. എന്നാൽ ഞങ്ങളുടെ സഭയുടെ ആദ്യത്തെ കോളേജായതുകൊണ്ട് ആ കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പാളായി ഒരു സി.എം.ഐ വൈദികനെത്തന്നെ നിയമിക്കണമെന്നാണ് സഭാംഗങ്ങളുടെ അഭിപ്രായം. സെന്റ് ബെർക്ക്മെൻസ് കോളേജ് പ്രിൻസിപ്പാൾ ആയിരുന്ന ഞങ്ങളുടെ സഭാംഗമായ റോമിയോ തോമസ് അച്ചനെ നിയമിക്കണമെന്നാണ് സഭാധികാരത്തിന്റെ ആവശ്യം. അതുകൊണ്ട് സാർ ക്ഷമിക്കണം, സാറിനെ കോളേജിന്റെ വൈസ് പ്രിൻസിപ്പാളായി നിയമിക്കാം.

അങ്ങനെ കേരളത്തിലെ കത്തോലിക്കാ കോളേജിൽ പ്രിൻസിപ്പാൾ ആകണമെന്നുള്ള എന്റെ ആഗ്രഹവും അവസാനിച്ചു. ഞാൻ രോഗിയാണ്. ഇതെല്ലാം പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുനിറഞ്ഞോ എന്തോ? ഏതായാലും എന്റെ കണ്ണു നിറഞ്ഞു. ഞാൻ എഴുന്നേറ്റ് കൈകൂപ്പി എന്റെ വന്ദ്യ ഗുരുനാഥന് പ്രണാമമർപ്പിച്ച് എന്നൂരിലെ ചുട്ടുപൊള്ളുന്ന വെയിലിലേക്ക് ഇറങ്ങിനടന്നു.

പിന്നീട് കേട്ടത് ഷെവ. സി. ജെ. വർക്കി മരിച്ചു എന്നാണ്. സി. ജെ വർക്കിസാർ മരിച്ചിട്ട് ഒരൊറ്റ മെത്രാൻപോലും അദ്ദേഹത്തിന്റെ വീട് സന്ദർശിച്ചില്ല. ശവസംസ്കാരത്തിൽ പങ്കെടുത്തുമില്ല. പക്ഷേ സാറിന്റെ മരണം കഴിഞ്ഞ് കുറച്ചു ദിവസങ്ങൾക്കുശേഷം ഷെവ. ജോസഫ് അന്ത്രപ്പേർ മരിച്ചു. അദ്ദേഹത്തിന്റെ ഏഴാം ചരമദിനത്തിലാണെന്നു തോന്നുന്നു കേരളത്തിലെ എല്ലാ മെത്രാന്മാരും (ചങ്ങനാശ്ശേരി മെത്രാൻ കാവുകാട്ട് പിതാവ് ഒഴികെ) പങ്കെടുത്തിരുന്നു. അതിന്റെ വാർത്തയും പത്രത്തിൽ കാണുകയുണ്ടായി. സമുദായ സ്നേഹിയായ എന്റെ ഗുരുനാഥനോട് കാണിച്ച അവഗണന എന്റെ മനസ്സിനെ വല്ലാതെ ഉലച്ചു.

ഞാൻ അന്ന് ഈ ചടങ്ങിൽ പങ്കെടുക്കാതിരുന്ന കാവുകാട്ട് തിരുമേനിക്ക് ഒരു അനുമോദനകത്ത് എഴുതിയതോർക്കുന്നു. കത്തിന്റെ ഉള്ളടക്കം ഇങ്ങനെ:- 'പ്രൊഫ. ഷെവ. സി. ജെ. വർക്കിസാറിന്റെ ചരമശുശ്രൂഷയ്ക്ക് ഒറ്റ മെത്രാൻപോലും എത്താതിരുന്ന സാഹചര്യത്തിൽ ഷെവ. അന്ത്രപ്പേറിന്റെ ഏഴാം ചരമദിനത്തിൽ പങ്കെടുക്കാതിരുന്ന അങ്ങയെ അനുമോദിക്കുന്നു'.

ഷെവ. സി.ജെ. വർക്കിസാറിനെക്കുറിച്ച് വേണ്ട രേഖകൾ എനിക്കുതന്ന കുറവിലങ്ങാട് കോളേജ് പ്രൊഫസറായിരുന്ന കെ. എം. അബ്രാഹത്തിന് നന്ദി പറയുന്നു. ദീപികയിൽ എഴുതിയ ലേഖനം പുനപ്രസിദ്ധീകരിക്കുന്നതിന് അനുവാദം തന്ന ശ്രീ. ജോൺ കച്ചിറമറ്റത്തിനും നന്ദി.

കത്തോലിക്കാ സമുദായത്തിനുവേണ്ടി ഏതു സേവനവും ചെയ്യുന്ന നേതാക്കളെ അവഗണിക്കുകയെന്നത് കത്തോലിക്കാ സഭാനേതൃത്വത്തിന്റെ എന്നത്തേയും ശൈലിയാണ്. സുദീർഘകാലം കത്തോലിക്കാ കോളേജിൽ അധ്യാപകനായിരുന്ന ഷെവ. സി. ജെ. വർക്കിക്ക് അന്തിമകാലത്ത് അരിമേടിക്കാൻ ഒരു മുസ്ലീം മാന്യന്റെ ഔദാര്യം വേണ്ടിവന്നു എന്ന് അദ്ദേഹം എന്നോടു പറഞ്ഞപ്പോൾ സത്യത്തിൽ ഞാൻ ഞെട്ടുകയാണുണ്ടായത്. തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിൽ മൂക്കറ്റം മുങ്ങിപ്രവർത്തിച്ച അദ്ദേഹത്തിൽ കത്തോലിക്കാ നേതാവിനെയും വിദ്യാഭ്യാസപ്രവർത്തകനെയും കാണാൻ സഭാനേതൃത്വത്തിന് കണ്ണ് ഉണ്ടായിരുന്നില്ല. അദ്ദേഹം മദ്രാസ് അസംബ്ലിയിലേക്ക് കത്തോലിക്കാ പ്രതിനിധിയായി കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കുമ്പോൾ അദ്ദേഹത്തെ എതിർത്തത് കത്തോലിക്കാ പുരോഹിതന്മാരുടെ പ്രതിനിധിയും ബാംഗ്ളൂരുകാരനുമായ ശ്രീമാൻ ശ്രേഷ്ഠയായിരുന്നു. ഈ സംഭവത്തെക്കുറിച്ച് ശ്രീ. മുണ്ടശ്ശേരി തന്റെ 'കൊഴിഞ്ഞ ഇലകൾ' എന്ന ആത്മകഥയിൽ എഴുതിയിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു.

*"കോട്ടപ്പടിക്കാരനായി അക്കാലത്തു ബ്രിട്ടീഷ് ഇന്ത്യൻ കത്തോലിക്കരുടെ പൊതുജീവിതത്തിൽ സമുന്നതമായ ഒരു സ്ഥാനം പിടിച്ചടക്കിയിരുന്ന ശ്രീമാൻ സി. ജെ. വർക്കി ബാരിസ്റ്റർ ജോർജ്ജ് ജോസഫിന്റെ ഒരുറ്റമിത്രമാകാൻ സംഗതിയായി. അവരിരുവരുടെയും നല്ല ഒരു സുഹൃ*

ത്തായിക്കഴിഞ്ഞിരുന്നു വടക്കേ ഇന്ത്യക്കാരൻ മി. ഗിലാനി. നല്ല കോൺഗ്രസ് പ്രവർത്തകരായിരുന്ന ഗിലാനിയുടെയും ജോർജ് ജോസഫിന്റെയും മറ്റും സ്വാധീനശക്തിക്കു വഴങ്ങി ശ്രീ. സി. ജെ. വർക്കിയും കോൺഗ്രസ്സിന്റെ സജീവ രാഷ്ട്രീയത്തിലേയ്ക്കിറങ്ങാൻ തീർച്ചയാക്കി. മദിരാശി സംസ്ഥാനത്ത് ഇന്ത്യൻ ക്രിസ്ത്യാനികൾക്കു പ്രത്യേകിച്ചു നീക്കിവെച്ചിരുന്ന നിയമസഭാ സ്ഥാനങ്ങളിലൊന്നു മംഗലാപുരംതൊട്ടു ഫോർട്ടുകൊച്ചിവരെയുള്ള പ്രദേശത്തിന്റേതായിരുന്നു. മംഗലാപുരം കോളേജിലെ പ്രൊഫസറുദ്യോഗം കൊണ്ടും കോട്ടപ്പടിദേശത്തെ ജനനംകൊണ്ടും പ്രസ്തുത നിയോജകമണ്ഡലവുമായി കുറെയേറെ ബന്ധമുണ്ടായിരുന്നു ശ്രീ. വർക്കിക്ക്. അദ്ദേഹത്തെ അവിടെ പിടിച്ചുനിർത്തി ജയിപ്പിക്കാൻ രാജാജിയുമായാലോചിച്ചു ജോർജ്ജ് ജോസഫ് പ്ലാനിട്ടു. ആ പരിപാടിക്കു പശ്ചാത്തലമൊരുക്കുവാൻ അവരെല്ലാവരുംകൂടി അഖിലേന്ത്യാ ക്രിസ്ത്യൻ കോൺഗ്രസ്സിന്റെ ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. ശ്രീ. വർക്കിയാണെങ്കിൽ അതേവരെ തിരുസഭാധികൃതരുടെ കണ്ണിലുണ്ണിയായിക്കഴിഞ്ഞിരുന്ന ആളാണ്. ആ മനുഷ്യൻ പെട്ടെന്നൊരു ദിവസം ഗാന്ധിജിത്തൊപ്പിയുമിട്ടിറങ്ങിയാൽ എന്താവും? ഈ ചോദ്യം മേല്പറഞ്ഞ നേതാക്കന്മാർക്ക് വല്ലാത്ത ഒരു തലവേദനയായി. അന്നു ഡൽഹിയിൽ താമസിച്ചിരുന്ന ദലഗാദപ്പസ്തോലിക്ക (മാർപാപ്പായുടെ പ്രതിനിധി) വർക്കിയുടെ ഒരു അഭ്യുദയകാംക്ഷിയായിരുന്നു. മദിരാശിയിൽനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'കാത്തലിക് ലീഡർ' എന്ന പത്രത്തിന്റെ അധിപനായിരുന്ന ഫാദർ തോമസ് (ഇപ്പോൾ ബിഷപ്പ് പോത്തക്കാമുറി) ഒട്ടൊക്കെ കോൺഗ്രസ് രാഷ്ട്രീയത്തോടൊത്തുനിൽക്കാൻ സന്നദ്ധത കാണിച്ചിരുന്നുതാനും. അവർ ഇരുപേരുടെയും രഹസ്യപ്രോത്സാഹനം നേടി ശ്രീമാൻ വർക്കി ഇന്ത്യൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ സമ്മേളനം തൃശൂർ സെന്റ് തോമസ് കോളേജിൽവെച്ചു നടത്താൻ ഏർപ്പാടുചെയ്തു. മി. ഗിലാനിയെപ്പിടിച്ചദ്ദേഹം അധ്യക്ഷനാക്കി. ഇന്ത്യൻ ക്രിസ്ത്യൻ കോൺഗ്രസ്സിനെ ബലാത്ക്കരേണ കോൺഗ്രസ്സ് രാഷ്ട്രീയത്തിലേയ്ക്കു വലിച്ചിറക്കാൻ പോകുന്നുവെന്ന് അതിനകം അങ്ങുമിങ്ങുമായി കേട്ടിരുന്നതിനാൽ സമ്മേളനത്തിൽ വെച്ചെന്തെല്ലാമോ സംഭവിക്കുമെന്നാശങ്കയുണ്ടായിരുന്നു. കോളേജ് ഹാളിലേയ്ക്കു ശ്രീമാന്മാർ ഗിലാനിയും വർക്കിയും ഖദർക്കുപ്പായവും ഗാന്ധിത്തൊപ്പിയും ധരിച്ചു കയറിച്ചെന്ന സമയത്തു സദസ്യർക്കുണ്ടായ അമ്പരപ്പു ഞാനിന്നും ഓർക്കുകയാണ്. ഉടനെയവരെ കൂവിയിറക്കിയെങ്കിലോ എന്നാലോചിക്കാതിരുന്നില്ല ചിലർ. ദലഗാദപ്പസ്തോലിക്കയുടെ എഴുത്തും മറ്റും വായിച്ചാരംഭിച്ച ആ യോഗത്തിൽ മി. ഗിലാനിയുടെ പ്രഗല്ഭമായ പ്രസംഗം കുറഞ്ഞൊരു മാറ്റമുണ്ടാക്കി. കത്തോലിക്കർ കോൺഗ്രസ്സായിപ്പോയാലും നരകത്തിൽപ്പോവില്ല എന്നു കഷ്ടിച്ചു വരുത്തിവെയ്ക്കാൻ അന്നത്തെ നടപടികൾക്കു കഴിഞ്ഞു. ഏതാനും മാസത്തിനുശേഷമായിരുന്നു തിരഞ്ഞെടുപ്പ്. മി. വർക്കി കോൺഗ്രസ് ടിക്കറ്റിന്മേൽ മുൻപറഞ്ഞ നിയോജകമണ്ഡല

ത്തിലെ ഇന്ത്യൻ ക്രിസ്ത്യൻ സ്ഥാനാർത്ഥിയായി നിന്നു. ബ്രിട്ടീഷ് താത്പര്യത്തിന്റെ അക്രീതദാസന്മാരായിരുന്ന ഉത്തമക്രിസ്ത്യാനികൾ മംഗലാപുരത്തുകാരനായ ഒരു മി. ശ്രേഷ്ഠയെ കോൺഗ്രസ്സിനെതിരായും നിറുത്തി; മി. ശ്രേഷ്ഠയാണെങ്കിൽ നല്ല പണക്കാരനായിരുന്നു. മംഗലാപുരത്തെ കൊലകൊമ്പന്മാർ പലരുടെയും പിണിയാളുമായിരുന്നു. പോരാ, അദ്ദേഹത്തിനുവേണ്ടി പ്രചാരവേലചെയ്യാൻ അവിടത്തെ പുരോഹിതശക്തികൾ ആകപ്പാടെ ഇളകിപ്പുറപ്പെട്ടിരുന്നുതാനും. മി. വർക്കിക്കൊക്കെക്കൂടിയുണ്ടായിരുന്നത് ഒരു കാൽനൂറ്റാണ്ടുകാലത്തെ പൊതുജീവിതത്തിന്റെ പ്രശസ്തിയാണ്. തിരഞ്ഞെടുപ്പങ്ങു ചൂടുപിടിച്ചപ്പോൾ ആ നിയോജകമണ്ഡലത്തിലെ പുരോഹിതന്മാരും കന്യാസ്ത്രീകളും അവരുടെ ചരടിൽക്കിടന്നു തിരിഞ്ഞ സമുദായതാത്പര്യത്തിന്റെ കങ്കാണിമാരുമൊക്കെ വർക്കിക്കും കോൺഗ്രസ്സിനുമെതിരായി പറഞ്ഞുപരത്തിയ വിടുവായ്ത്താരികൾക്ക് ഒരു കയ്യുംകണക്കുമില്ല.

ഞാനന്നു തൃശ്ശൂരിൽ ശ്രീ. വർക്കിക്കുണ്ടായിരുന്ന വീട്ടിൽ വാടകയ്ക്കു താമസിക്കുകയായിരുന്നു. ഇയ്ക്കിടയ്ക്കദ്ദേഹവും സഹപ്രവർത്തകന്മാരും ഞാൻ താമസിച്ചിരുന്നിടത്തുവന്നു രാഷ്ട്രീയാലോചന നടത്തുമായിരുന്നു. ആ വഴിക്ക് എനിക്കും ആ തിരഞ്ഞെടുപ്പിൽ ചാടിവീഴേണ്ടിവന്നു. നിയോജകമണ്ഡലത്തിന്റെ നാനാഭാഗങ്ങളിലും ഞാനും പലതവണ സഞ്ചരിക്കുകയുണ്ടായി. ദേശീയബോധത്തിനെതിരായി ക്രിസ്ത്യാനികളിൽ തിരുസഭാനായകന്മാരും മറ്റും ഊട്ടിവളർത്തിയിരുന്ന വിദ്വേഷത്തിന്റെ ഘോരത എനിക്കു മനസ്സിലായതപ്പോഴാണ്. ശ്രീമാൻ വർക്കി ജയിച്ചുപോയാൽ തെക്കേ ഇന്ത്യയിൽ പിന്നെ ക്രിസ്ത്യൻ സമുദായത്തിനു യാതൊരു ഭാവിയുമുണ്ടാവില്ല. എന്നുപോലും വിശ്വസിച്ചിരുന്ന മാന്യന്മാരെ ആ സഞ്ചാരത്തിനിടയിൽ എനിക്കു കണ്ടെത്തുവാനിടയായിട്ടുണ്ട്. മത്സരമങ്ങു മൂത്തപ്പോൾ കൈയിൽ കാശില്ലാതായി വർക്കിക്ക്. ആകപ്പാടെ തനിക്കതേവരെ സ്വരൂപിച്ചുവെയ്ക്കാൻ കഴിഞ്ഞ ലഘുസമ്പാദ്യം മുഴുവൻ അദ്ദേഹം ചെലവാക്കിക്കഴിഞ്ഞു. പിന്നെയും വേണ്ടിയിരുന്നു നാലയ്യായിരം. കടശിക്കയ്യിനു പ്രോനോട്ടെഴുതി കണ്ടവരോടൊക്കെ കടം വാങ്ങിയിട്ടാണ് ആ സമരം ഞങ്ങളവസാനിപ്പിച്ചത്. ഭാഗ്യവശാലെന്നു പറയട്ടെ, വോട്ടെണ്ണിയപ്പോൾ ജയിച്ചതു വർക്കിയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ രാജാജിയുടെ നേതൃത്വത്തിൽ മദിരാശിയിലൊരു മന്ത്രിസഭയുണ്ടായി. മി. വർക്കി ഡാ.സുബ്ബരായന്റെ പാർലമെന്ററി സെക്രട്ടറിയുമായി. ഞാനീ നിമിഷത്തിലുമോർക്കുകയാണ്, അത്രയുമായപ്പോൾ പെട്ടെന്നു തിരുസഭാധികൃതന്മാരുടെയും അവരുടെ 'അസ്മാദി'കളുടെയും സമീപനത്തിലുണ്ടായ മാറ്റം. ഒരു വിഷമവുമുണ്ടായില്ല, അതേവരെ ശത്രുക്കളായിരുന്നവരെല്ലാം അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തുക്കളായി.

ഏതാനും മാസങ്ങൾ കഴിഞ്ഞു ശ്രീമാൻ കോങ്ങാട്ടിൽ രാമൻമേനോന്റെ അകാലമൃതിക്കുശേഷം ശ്രീമാൻ വർക്കി മദിരാശി വിദ്യാഭ്യാസ

(ശേഷം പേജ് 10

# ഫ്രാൻസിസ് മാർപാപ്പായും പൊൻകുന്നം വർക്കിയും

ഫ്രാൻസിസ് മാർപാപ്പാ പത്രോസിന്റെ സിംഹാസനത്തിൽ കത്തോലിക്കരുടെ തലവനായി ഇപ്പോൾ റോമിൽ വാഴുന്നു. പൊൻകുന്നം വർക്കി മരിച്ചിട്ട് പത്തിലേറെ കൊല്ലങ്ങളായി എന്നു തോന്നുന്നു. അപ്പോൾ ഇവർ തമ്മിൽ എന്തു ബന്ധം എന്ന് പെട്ടെന്ന് ചിന്തിക്കാം. ഫ്രാൻസിസ് മാർപാപ്പായുടെ കരുണയുടെ വർഷത്തെക്കുറിച്ചുള്ള പ്രഖ്യാപനം വന്നപ്പോൾ ശ്രീ. പൊൻകുന്നം വർക്കി 1938 ഓഗസ്റ്റ് ലക്കം മലയാള മനോരമ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച "**റിക്ഷാക്കാരൻ**" എന്ന ചെറുകഥയെക്കുറിച്ച് ഞാൻ ഓർത്തു. അന്ന് എനിക്ക് ആറ് വയസ്സാണ് (ജനനം 1932). മലയാളം കൂട്ടി വായിക്കാൻ പഠിച്ചുകൊണ്ടിരിക്കുന്നു. ഇന്നും മറക്കാതെയും മങ്ങാതെയും എന്റെ മനസ്സിൽ റിക്ഷാക്കാരൻ എന്ന ചെറുകഥ നിൽക്കുന്നു.

ഫ്രാൻസിസ് മാർപാപ്പായുടെ കാരുണ്യവർഷ പ്രഖ്യാപനം ക്രൈസ്തവികതയിലേക്കുള്ള സഭയുടെ തിരിച്ചുവരവിന്റെ ലക്ഷണമാണ്. കാരുണ്യമില്ലാത്ത ക്രൈസ്തവികതയ്ക്ക് ഒരർഥവുമില്ല. കാരുണ്യമില്ലാതെ ആഘോഷങ്ങളിലും പ്രഖ്യാപനങ്ങളിലും മുങ്ങി നിന്ന സഭയ്ക്ക് ഫ്രാൻസിസ് മാർപാപ്പയടെ ഒരു മുന്നറിയിപ്പാണ് കാരുണ്യവർഷ പ്രഖ്യാപനം. ക്രൈസ്തവികത എന്നാൽ കാരുണ്യമാണ്, അതിൽനിന്ന് അന്യമായ ഒന്നും ശാശ്വതമല്ല.

ശ്രീ. പൊൻകുന്നം വർക്കി ക്രൂശാരോഹിതനായ യേശുവിനെക്കുറിച്ചെഴുതിയ വാക്കുകൾ ഇന്നും എന്റെ ഹൃദയത്തിൽ ഒട്ടിച്ചേർന്നു നിൽക്കുന്നു. അത്രയും ഹൃദ്യമായ ഒരു പ്രതിപാദനം ക്രിസ്തുവിനെക്കുറിച്ച് മറ്റാരും കുറിച്ചിട്ടതായി അറിവില്ല.

*"ക്രിസ്തു ലോകത്തിനായി ജനിച്ചു, ലോകത്തിനായി മരിച്ചു. അദ്ദേഹം ഒരു ദൈവപുത്രനായി, മരണത്തിന്റെ വായിൽനിന്ന് ഒളിച്ചു മാറിയിരുന്നെങ്കിൽ! ഹാ! എനിക്കു തീർച്ചയായും അദ്ദേഹത്തെ വിശ്വസിക്കുവാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹം മനുഷ്യനായി ജനിച്ചു. മനുഷ്യനായി പാടുപെട്ടു, മനുഷ്യനായി മരിച്ചു. അതുകൊണ്ട് ആ പാദസരോജത്തിൽ, ഒരു പരാഗമായിപ്പടരുവാൻ എന്റെ ആത്മാവു കൊതിക്കുന്നു. അദ്ദേഹം കുരിശിൽ ജീവിതം സമർപ്പിക്കാതെ ലാസറിനെ ഉയർപ്പിച്ചതുകൊണ്ടും, കടലിന്മീതെ നടന്നതുകൊണ്ടും, തൃപ്തിപ്പെടുമായിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹത്തിനു ലോകത്തിൽനിന്നു മായാതിരിക്കുവാൻ സാധിക്കുമായിരുന്നില്ല. അഹിംസയുടെയും ആത്മപരിത്യാഗത്തിന്റെയും അനശ്വരവാചകങ്ങൾ ലോകത്തിന്റെ മൂർദ്ധാവിൽ കുറിക്കുവാൻ സാധിക്കുമായിരുന്നില്ല. ..........*

*'എനിക്കു ദാഹിക്കുന്നു' - ഉവ്വ്, ആ അന്ത്യാമന്ത്രണം ഞാൻ കേൾക്കുന്നു. അദ്ദേഹത്തിന്റെ പാവനനാമം അനർഹമായി ഉച്ചരിച്ചു കൊണ്ട് എന്റെ മുമ്പിൽ നിരന്നു നിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സുഖേച്ഛുക്കൾ എന്നെ അദ്ദേഹത്തിന്റെ സന്നിധിയിലേക്കു സ്വതന്ത്രനായി അയയ്ക്കുന്നില്ല. അവർ അദ്ദേഹത്തിനു വിലപേശിക്കൊണ്ട്, എന്റെ പ്രേരണയെ മർദിക്കുന്നു. ഞാനെത്രമാത്രം ചിന്തിച്ചിട്ടും, ഇവരുടെ അധികാരം മനസ്സിലാകുന്നില്ല. ആ നീതിമാന്റെ രക്തത്തിൽ ഒരു തുള്ളി പോലും ഇവരുടെ മൃദുലവസനങ്ങളിൽ വീണിട്ടില്ല. ആ മുൾമുടിയിലെ ഒരു മുള്ളുപോലും ഇവരുടെ ശിരസ്സിൽ കാണുന്നില്ല.*

*വഴിക്കല്ലുകളെ പ്രേമകാഹളം മുഴങ്ങുന്നു. ത്യാഗത്തിന്റെ വിളി മാറ്റൊലികൊള്ളുന്നു. അദ്ദേഹത്തിനു ദാഹിക്കുന്നു. ഒരു തുള്ളി രക്തമെങ്കിലും ഞാൻ എന്റെ ഹൃദയത്തിൽനിന്ന് ആ ദാഹപരവശന്റെ വരണ്ട നാക്കിന്മേൽ ഒഴിച്ചുകൊടുക്കട്ടെ. നിങ്ങൾ പ്രതിബന്ധമുണ്ടാക്കാതെ വഴി മാറുവിൻ.*

*'എനിക്കു ദാഹിക്കുന്നു' - ദേവാ നിസ്വരായ ഞങ്ങളിതാ, ഞങ്ങളുടെ കുടിലുകളിൽനിന്ന് അവിടുത്തെ കുരിശിന്റെ അടുക്കലേക്ക് ഓടി വരുന്നു. സ്വാമിൻ, അവിടുന്ന് എന്നെ 'സ്നേഹിതാ' എന്നു വിളിക്കുന്നു. ഞങ്ങൾ ആത്മാർത്ഥമായ അങ്ങയെ ഒരു സ്നേഹിതനായി വിശ്വസിക്കുന്നു."* (തിരുമുൽക്കാഴ്ച, പേജ് 88)

"മി. വർക്കിയുടെ സ്വതസിദ്ധമായ രചനാപാടവവും രീതിചമൽക്കാരവും സവിശേഷം ആസ്വാദ്യതരമായിരിക്കുന്നു" എന്ന പത്രാധിപരുടെ ആമുഖത്തോടുകൂടി ആരംഭിക്കുന്ന ''റിക്ഷാക്കാരൻ" എന്ന കഥ ശ്രീ. വർക്കിയുടെ അനന്യ സാധാരണമായ ശൈലിയിൽ ഇവിടെ എടുത്തു കുറിക്കട്ടെ.

*"കഴുതപോലും കഴുതയെ ചുമക്കുന്നില്ല. മനുഷ്യനു മനുഷ്യനെ ചുമക്കേണ്ടതായി മനുഷ്യസമുദായത്തിൽ മാഞ്ഞുപോകാതെ നിൽക്കുന്ന അവസ്ഥ, സംസ്ക്കാരം ബോംബു വർഷിച്ചുകൊണ്ടിരിക്കുന്ന ഒരു അതിർത്തിപ്രദേശമായിരിക്കാം. മാത്തൻ - അവൻ ആറുമണിമുതൽ ആറുമണിവരെ, ആ ബോട്ടുകടവിൽ കാണും. സഹോദരങ്ങളെ കൂലിക്കു ചുമക്കേണ്ടതായിവരുന്ന നിർഭാഗ്യത്തെ സംബന്ധിച്ചോ മനുഷ്യന്റെ മഹത്വത്തെ സംബന്ധിച്ചോ ചിന്തിക്കുന്നതിന് അവന്റെ വിശപ്പു സമ്മതിക്കുമായിരുന്നില്ല; സംസ്ക്കാരം മൂരി നിവർക്കുമായിരുന്നില്ല. പരിഷ്ക്കാരസമ്പന്നർ എന്ന് അഭിമാനിക്കുന്ന ആളുകൾ കയറുവാനുണ്ടാവും. അതുകൊണ്ടു മാത്തൻ ഒരുപക്ഷേ റിക്ഷാവേല നിറുത്തിയാലും ആ തൊഴിൽ നിൽക്കുമായിരുന്നില്ല. പ്രോത്സാഹനം വേണ്ടടത്തു ശ്മശാനമൗനവും അതു വേണ്ടാത്തിടത്തു കെട്ടഴിച്ച പ്രോത്സാഹനവും, ജീവിതത്തിന്റെ ഒരു വലിയ ഭാഗ്യദോഷമായിട്ടാണു തീർന്നിരിക്കുന്നത്!*

*യാതനാകലുഷിതമായ മാത്തന്റെ ജീവിതത്തിൽ, സദാ പൂവിട്ടു നിൽക്കുന്ന ഒരു വസന്തമുണ്ട്; അയാളുടെ ഭാര്യ മറിയ, വിഷമങ്ങളും വേദനകളും വന്നു ഹൃദയത്തെ ഉലയ്ക്കുമ്പോൾ, അയാൾക്കു ജീവിത സന്ദേശത്തിന്റെ ചൂണ്ടിപ്പലകയാണ്, അവൾ, മറിയ - അവൾ സുദതിയല്ല, സുമുഖിയല്ല, സുപദവേദിനിയുമല്ല. എഴുത്തും വായനയും അവൾക്കു വശമുണ്ടായിരുന്നില്ല. ചിത്രശലഭങ്ങളെപ്പോലെ പറന്നുനടക്കുന്ന സമപ്രായക്കാരായ യുവതികളെ കാണുമ്പോളാണു, മറിയയ്ക്ക് അവളെപ്പറ്റി ഒരു ബോധമുണ്ടാകുക. വിദ്യയൊ ധനമൊ തീണ്ടിയിട്ടില്ലാത്ത തന്റെ ജീവിതത്തിന് അതിന് അവകാശമില്ലെന്നുള്ളതു മറിയ പൂർണമായി സമ്മതിച്ചിട്ടുള്ള സത്യമാണ്. എങ്കിലും ആ അക്ഷരഹീനയ്ക്ക് ഒന്നു പൂർണമായറിയാമായിരുന്നു. ഭർത്താവിനെ സ്നേഹിക്കുവാൻ– അകമഴിഞ്ഞ് ആരാധിക്കുവാൻ, അയാളിൽ അളവറ്റു ലയിക്കുവാൻ, കാണപ്പെട്ട ഈശ്വരനായിരുന്നു, മറിയയ്ക്ക് മാത്തൻ. അവളുടെ നിവേദ്യങ്ങളെ സ്വീകരിക്കുന്നതിനു ആ ഏകാന്തമായ കോവിലിൽ പള്ളികൊണ്ടിരുന്ന പുണ്യവിഗ്രഹമായിരുന്നു, മാത്തൻ. അവളുടെ ആശകളിൽ കോരിത്തരിപ്പു വാരിയിട്ടു കൊണ്ടിരുന്ന സനാതന ദീപമായിരുന്നു മാത്തൻ.*

*അപൂർണതകൾ അവരെ സംബന്ധിച്ച് എന്തെല്ലാമുണ്ടായിരുന്നെങ്കിലും, ഉയർന്നനിലകളിൽ ജീവിക്കുന്ന അനേകർ ഹൃദയപൂർവം കൊതിക്കുന്ന ഗാർഹിക സമാധാനവും സംതൃപ്തിയും ആ കൊച്ചു ഗൃഹത്തിൽ ഓളംവെട്ടി തുളുമ്പി നിന്നിരുന്നു. രാവിലെ എന്തെങ്കിലും ചൂടുള്ള ആഹാരം അവൾ ഭർത്താവിനു കൊടുക്കും, അയാളതു കഴിച്ചശേഷം ബോട്ടുകടവിലേക്കു പോകും. ഉച്ചയൂണിനു മാത്തൻ വന്നില്ലെങ്കിൽ കലത്തിലിരിക്കുന്ന ആഹാരം വിളമ്പിക്കഴിക്കുന്നതിനു മറിയയ്ക്ക് എന്താണു ചേതം, പക്ഷേ അവൾക്കതു സാധിക്കുമായിരുന്നില്ല. വിവേകമുള്ള സ്ത്രീകൾ അത് അജ്ഞതയാണെന്നു പറഞ്ഞേക്കാം. എന്നാലും മറിയയ്ക്ക് അങ്ങനെ ചെയ്യുന്നതിനേ ശക്തിയുണ്ടായിരുന്നുള്ളൂ. അത്താഴം കഴിഞ്ഞാൽ ഒരു ചാൺ വയറിനുവേണ്ടി ഓടിയോടി വശക്കേടുവന്നു തളർന്നുകിടക്കുന്ന ഭർത്താവിന്റെ ശരീരത്തിൽ അവൾ തടവിക്കൊണ്ടിരിക്കും. മാത്തൻ ഉറങ്ങിക്കഴിഞ്ഞതിനുശേഷമേ ഉറക്കം അവൾക്കുണ്ടാകൂ. ഉറങ്ങിക്കിടക്കുന്ന മാത്തന്റെ കാൽപ്പത്തിമേൽ ഉറക്കത്തിനുമുമ്പ് ഒന്നു ചുംബിക്കുന്നത് അവളുടെ ഒരു പതിവാണ്. അത് അവളുടെ ദേഹപൂജയായിരിക്കാം. മാത്തൻപോലും അറിയാത്ത ആ പൂജ കാണുന്നതിനു പതിവായി ഒരാൾ മാത്രമേ മറകളുടെ അപ്പുറത്ത് ഉറക്കമിളച്ചു കാത്തു നിൽക്കുമായിരുന്നുള്ളൂ, അതെ, നിഷ്ക്കാമങ്ങളായ ആരാധനകൾക്ക് എന്നും സാക്ഷി നിൽക്കുന്ന ദൈവം, എന്നാൽ നാഗരികന്മാരായ യുവാക്കന്മാർ പ്രിയതമമാരെ ഉദ്ദേശിച്ചു ഉപയോഗിക്കുന്ന ഓമന, തങ്കം, കൺമണി, പെൺമണി മുതലായ വാക്കുകളിൽ ഒന്നെങ്കിലും മാത്തനു വശമുണ്ടായിരുന്നില്ല. മാത്തൻ ഭാര്യയെ അഭിസംബോധന ചെയ്യുന്നതു*

കേട്ടാൽ പരിഷ്കാരം പൊട്ടിച്ചിരിക്കും. "എടി കൂവേ", "പിന്നേ", "നോക്ക്" - ഇതിലൊന്നും സാഹിത്യമില്ലായിരുന്നെങ്കിലും മറിയയ്ക്കു സജീവശബ്ദങ്ങളായിരുന്നു; രസാത്മകങ്ങളായിരുന്നു.

അന്നു പൂർണ ഗർഭിണിയായിരുന്ന മറിയയുടെ സുഖമില്ലായ്മകളിൽ ചിലതു കണ്ടുകൊണ്ടാണു മാത്തൻ വേലയ്ക്കു തിരിച്ചത്. അയാൾ അവളോടു പ്രത്യേകം പറഞ്ഞിരുന്നു. - "നീ ഇന്ന് പ്രാതലും ഒന്നും വയ്ക്കേണ്ട" എന്ന്. പക്ഷെ മാത്തന്റെ വിശക്കുന്ന വയറു കാണുമ്പോൾ മറിയയുടെ നിറവയർ എരിയുമായിരുന്നു. അയാൾ വന്നു നോക്കിയപ്പോൾ ചോറുംകറിയും തയ്യാറാക്കി വച്ചിട്ടുണ്ടായിരുന്നു. എന്നാൽ അവൾ ആ ചെറ്റക്കുടിലിൽ ഒരിടത്തു മയങ്ങിക്കിടന്നിരുന്നു. "പിന്നേ-പിന്നേ"- അയാൾ വിളിച്ചു. അവൾ പിടഞ്ഞെഴുന്നേൽക്കുവാൻ ഭാവിച്ചെങ്കിലും ആ വിഷമവൃത്തിയിൽനിന്ന് അവളെ അയാൾ തടഞ്ഞു. അവളുടെ കണ്ണുകൾ നിറഞ്ഞു. ആ ദമ്പതികളുടെ ഉള്ളിൽക്കൂടി ഭൂതകാലസംഭവങ്ങൾ ഓരോന്നും മിന്നൽവേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു. അന്നു മാത്തനു നാലുകാശുപോലും കിട്ടിയില്ല. അയാളുടെ കൈയും വയറും ഒരു പോലെ ശൂന്യമായിരുന്നു. സുഗമമായ പ്രസവത്തിൽനിന്ന് ഒഴിവാക്കിയിരുന്നു പ്രകൃതി മറിയയെ. ആദ്യത്തെ പ്രസവംതന്നെ ഡാക്ടറുടെ സഹായത്തോടുകൂടിയാണ് ഉണ്ടായത്. അതും കുട്ടിയെ അനേകം കഷണങ്ങളായി എടുക്കുന്നതിനു മാത്രം. ഇന്നും ഇതാ അതുപോലെ ഒരു യാമം സമീപിച്ചിരിക്കുന്നു. ദരിദ്രനു വേണ്ടിവരുന്ന വൈദ്യസഹായത്തിനു സാധാരണ ദൈവദൂതന്മാർ സാക്ഷി നിൽക്കാറില്ല, എന്നാണു തോന്നുക. ആരുമാരുമറിയാത്ത ആ ആവശ്യം കണ്ണുനീരിൽത്തുടങ്ങി കണ്ണുനീരിൽ അവസാനിക്കുന്ന ഒരുവക കടംകഥ മാത്രമാണ്.

ഡാക്ടർ - ആ കാലനെ ഓർത്തപ്പോൾ അവന്റെ ഹൃദയം നടുങ്ങി. അദ്ദേഹം കഴിഞ്ഞ പ്രാവശ്യമേ മാത്തനോടു പ്രത്യേകം പറഞ്ഞതാണ്, ഇനി മറിയ ഗർഭം ധരിക്കരുതെന്ന്. അതിന്റെ നിയമസാധുതയെപ്പറ്റി ചിന്തിക്കാൻ മാത്തനാരാണ്? ഡാക്ടർ - അദ്ദേഹം ഒരു വലിയ തുക മാസപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥൻ. അദ്ദേഹം പറയുന്നതു കേൾക്കുവാൻ അവർ നിർബന്ധിതരാണ്. പക്ഷേ അവർ മനപ്പൂർവം ഒരു തെറ്റു ചെയ്തു എന്നെഴുതുവാൻ എന്റെ പേനയ്ക്കു കരുത്തില്ല. സൂര്യൻ മുറയ്ക്ക് ഉദിക്കയും അസ്തമിക്കയും ചെയ്തു. വൃദ്ധിക്ഷയങ്ങളോടുകൂടി ചന്ദ്രനും പലപ്രാവശ്യം കടന്നുപോയി. ഹേമന്തവും വർഷവും ഗ്രീഷ്മവും മുറയ്ക്ക് അവതരിച്ചു. ഇതിനിടയ്ക്കു കിഴക്കുദിക്ക് എത്രയോ പ്രാവശ്യം ഗർഭമേറ്റു. രാത്രി എത്രയോ നക്ഷത്രങ്ങളെ പ്രസവിച്ചു. കാലം ഒന്നു രണ്ടു വർഷങ്ങളെയും പ്രസവിക്കുകയുണ്ടായി. ഒരിക്കൽ മറിയയും ഗർഭവതിയായി. അതിൽനിന്നു മനസ്സിലാക്കേണ്ടിയിരുന്നതു മറിയ ഒരു വന്ധ്യയല്ലായിരുന്നെന്നു മാത്രം. മറിയ ഗർഭവതിയായതിനെപ്പറ്റി അവൾക്കോ, മാത്തനോ സന്തോഷമല്ലാതെ സങ്കടമുണ്ടായിരുന്നില്ല. പക്ഷേ ആ ഡാക്ടറെപ്പറ്റി

*ഓർത്തപ്പോഴാണ്, അവന്റെ സമാധാനം എരിഞ്ഞു തുടങ്ങിയത്; അവളുടെ ഉദരത്തിലെ ശിശു ഉരുകിത്തുടങ്ങിയത്.*

*II*

*യജമാനേ, യജമാനേ,*

*ബൗ, - ബൗ ബൗ, - ബൗ.*

*യജമാനനെ, യജമാനനെ,*

*ബൗ, ബൗബൗ.*

*ഛീ പട്ടി, "ടൈഗർ" ഇവിടെ , ആരാ അത്?*

*ഞാനാണേ.*

*ഞാനെന്നു പറഞ്ഞാൽ; എന്താ കാര്യം.*

*എനിക്കു യജമാനനെ ഒന്നു കാണണം.*

*യജമാനൻ കുളിക്കയാ.*

*അയ്യോ, എനിക്കു അത്യാവശ്യമായി ഒന്നു കാണണേ.*

*എടോ എന്നാൽ അദ്ദേഹം കുളിക്കണ്ടായെന്നു ചെന്നു പറയൂ.*

*ആരാടാ കുട്ടാ?*

*മാത്തൻ - ഞാനാണേ കൊച്ചമ്മേ.*

*എന്താ, താനെന്തിനാ വന്നെ?*

*മാ - യജമാനനെ വിളിക്കാൻ വന്നതാ. എന്റെ കെട്ടിയോക്കു പ്രസവത്തിന്റെ.....*

*കൊച്ചമ്മ - വിഷമിക്കയേ ഒള്ളൂ. ഇപ്പഴാ ഇങ്ങോട്ടൊന്നു വന്നെ. മനുഷ്യരിങ്ങനെ ഉപദ്രവിക്കാൻ തുടങ്ങിയാ മടുത്തു പോകേ ഉള്ളൂ.*

*ആരാ അത്?*

*മാ - പൊന്നെജമാനേ ഞാനാണേ.*

*ഡാക്ട - എന്താ കാര്യം?*

*മാ - എന്റെ കെട്ടിയോക്കു പ്രസവത്തിന്റെ.........*

*ഡാക്ട - അതിനെന്തുവേണം.*

*മാ - അയ്യോ അവളിപ്പം ചാകും*

*ഡാ - എടോ അതിന് ഞാനെന്തു വേണം.*

*മാ - അവിടെവരെ ഒന്നു വരണേ*

*ഡാക്ട - അതെ - ഈ പാതിരാനേരത്ത്, എടോ കാറൊണ്ടോ?*

*മാ - രക്ഷാ ഒണ്ടേ*

*ഡാ - അതെ വലിയ കാര്യമായിപ്പോയി പിന്നെന്തുവേണം*

*മാ - പൊന്നെജമാനേ, ഞാനൊരു പാവമല്ലേ. ഇന്നു ജോലിക്കു പോയിട്ടു നാലുകാശു കിട്ടിയില്ല. ദൈവത്തെ ഓർത്ത്............*

*ഡാ - എടോ ഞാൻ പറഞ്ഞിട്ടാണോ താൻ പാവമായത്. എന്നാൽ പടിക്കൽ പത്തു പറക്കണ്ടം എഴുതിച്ചു തരട്ടെ. ആട്ടെ അവിടെ മറ്റാരുണ്ട്, തന്റെ ഭാര്യയുടെ അടുക്കൽ.*

*മാ - ഒരു വയറ്റാട്ടി മാത്രമേ ഒള്ളേ. പൊന്നെജമാനെ; എന്നെ ഉപേക്ഷിക്കല്ലെ.*

*ആ നിസ്സഹായന്റെ കണ്ണുകൾ നിറഞ്ഞു, കണ്ഠം ഇടറി, ശരീരം തളർന്നു.*

*ഡാ - താൻ ചെന്നു ആ നേഴ്സിനെ വിളിച്ചു കൊണ്ടുപോകൂ. പ്രാർഥിക്കുന്നതിനു നേരമായി. നേഴ്സിനെക്കൊണ്ടു സാധിക്കയില്ലേ ഞാൻ വന്നേക്കാം.*

*ഡാക്ടർക്കു സംസാരിച്ചുകൊണ്ടു നിൽക്കാൻ നേരമുണ്ടായിരുന്നില്ല. ആ ഭക്തിപരവശൻ പ്രാർത്ഥനയിലേക്കു മുങ്ങി. പക്ഷേ പ്രാർഥനകേട്ട് ആ വിളക്കും, ഭിത്തിയും ചിരിക്കുന്നുണ്ടായിരുന്നു. ഈശ്വരൻ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുമ്പോൾ അദ്ദേഹം കാണുകയില്ല. ആൾമാറാട്ടം അദ്ദേഹം അറികില്ല. ആകാശത്ത് എവിടെനിന്നോ ഇറങ്ങിവരേണ്ട മണിക്കിരീടം ചൂടിയ ആ ഈശ്വരനായി ലോകം മുഖസ്തുതികൊണ്ടു കച്ചവടം നടത്തിത്തുടങ്ങിയിട്ടു കാലമെത്രയായി!*

*മാത്തൻ - ആ നിസ്സഹായൻ - ഇരുട്ടിൽക്കൂടി റിക്ഷായുമായി അതാ മറയുന്നു, രണ്ടു മൂന്നു നാഴിക കഴിഞ്ഞപ്പോൾ ഡാക്ടറുടെ മന്ദിരത്തിൽ അയാൾ വീണ്ടും ചെന്നു. അയാളുടെ റിക്ഷായിൽ നേഴ്സും ഉണ്ടായിരുന്നു. അവർ തമ്മിൽ പറഞ്ഞത് ഇംഗ്ലീഷിലാണ്. അതിൽ മാത്തനു കാര്യമൊന്നുമുണ്ടായിരുന്നില്ല.*

*എടോ - ഡാക്ടർ പറഞ്ഞു - താൻ ഇങ്ങനെ വിളിക്കുമ്പോഴൊക്കെ ഡാക്ടരും നേഴ്സും ഒക്കെ വരുവാൻ താനൊണ്ടോ അവർക്കു ശമ്പളം കൊടുക്കുന്നു? അദ്ദേഹം ഈ വാചകം അവസാനിച്ചപ്പോൾ ആ മുറ്റത്തെ മാവിലിരുന്ന ഒരു പച്ചിലക്കിളിയും തട്ടിൻപുറത്തിരുന്നു ഒരു പല്ലിയും ശബ്ദിച്ചു. അതിൽ പരിഹാസത്തിന്റെ ഒരു ഛായ കലർന്നിരുന്നു. ആരെ ഉദ്ദേശിച്ചെന്നു രൂപമില്ല. എങ്കിലും തെറ്റുകാരനായ മാത്തനെ ഉദ്ദേശിച്ചായിരിക്കാനെ തരമുള്ളൂ.*

*പോകൂ - ഡാക്ടർ തുടർന്നു - നേരം വെളുത്ത് ആസ്പത്രിയിൽ കൊണ്ടുവരൂ. രോഗികളെ ചികിത്സിക്കുന്നത് അവിടെയാണ്. തന്നോടല്ലേ, മുമ്പൊരിക്കൽ ഞാൻ പറഞ്ഞത്, ഇനി താൻ മര്യാദയായി ജീവിക്കണമെന്ന്. പോകൂ, നേരം വെളുത്ത് ആസ്പത്രിയിൽ കൊണ്ടുവരൂ. കുട്ടാ, ഗെയിറ്റടയ്ക്ക്.*

*നെഴ്സ് - എടോ എന്നെ വീട്ടിൽ കൊണ്ട് ആക്കുന്നതിനു ഞാൻ ഇനി തനിക്കു റിക്ഷാക്കൂലി കൂടി തരണോ?*

*മാത്തന് അവന്റെ ദാരിദ്ര്യം എന്താണെന്നു മനസ്സിലായി. പക്ഷേ ഡോക്ടർ പറഞ്ഞ "മര്യാദ" യാണു മനസ്സിലാകാത്തത്. അവൻ മറിയ യോടു എന്തു മര്യാദകേടാണു ചെയ്തതെന്ന് അവൻ അറിഞ്ഞില്ല.*

*III*

*ആശുപത്രി - ജീവിതത്തിനും മരണത്തിനും മധ്യവർത്തിയായി മനു ഷ്യാവസ്ഥ കിടന്നു ഞരങ്ങിമൂളുന്ന ഒരു മണൽക്കാട്. ഡാക്ടർ - വേദന യും, കണ്ണുനീരും രക്തവും, മരണവും കണ്ടു ഹൃദയത്തിന്റെ സൂക്ഷ്മ മായ ഉള്ളറയിൽ ഇരിക്കുന്ന നിർമ്മലമായ മസൃണത്വം മുഴുവൻ തഴമ്പു പിടിച്ചുപോയ ഒരു ജോലിക്കാരൻ - മനുഷ്യനും മൃഗവും ദൈവദൂതനും അല്ലാതിരുന്ന ഒരു ശിക്ഷാനിപുണൻ - പേരും വയസ്സും കേട്ടാലുടനെ കുടക്കാലുകൊണ്ടു വയറ്റിന്മേൽ കുത്തിനോക്കി മരുന്നിനു കുറിച്ചുകഴി യുന്ന ഒരു പരഹൃദയജ്ഞാനവിശാരദൻ. ഈ പ്രശ്നങ്ങളുടെ മുമ്പിൽ ആഗതനായ മാത്തനോ ആവശ്യംകൊണ്ട് ഔചിത്യം മറന്ന ഒരു നിസ്വൻ!!*

*മറിയ ആശുപത്രിയിലായിട്ട് ഇന്ന് ഏഴു ദിവസമായി. നരകയാതന കളിൽനിന്നുള്ള വിമുക്തിയുടെ യാമം ഇനിയും അവളെ സമീപിച്ചില്ല.ഉ റക്കം പോലുമില്ലാതെ പട്ടണി നിന്ന മാത്തനെ വിശപ്പിന് ഒട്ടും തന്നെ പീഡിപ്പിക്കുവാൻ കഴിഞ്ഞില്ല. ആയാളുടെ ആത്മാവു വരണ്ടു പോകാതെ കുളുർത്തു കിടന്നിരുന്ന ശുദ്ധജലം മുഴുവൻ, കണ്ണുനീരായി ഒഴുകി ത്തീർന്നു. മേലോട്ടു നോക്കിയാൽ ആകാശവും കീഴോട്ടു നോക്കിയാൽ ഭൂമിയും ആശുപത്രിയിലേക്കു നോക്കിയാൽ മറിയയുമല്ലാതെ മാത്തനു കാണുവാനുള്ളത് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. മറിയയുടെ സുഖഗ തിക്കു മാത്തന്റെ മരണമാണു വേണ്ടിയിരുന്നതെങ്കിൽ ആ സ്നേഹഹൃ ദയന് അതിൽ ഒട്ടുംതന്നെ അതൃപ്തിയില്ലായിരുന്നു. പക്ഷേ അവിടെ മറിയയുടെ മരണമാണു വേണ്ടിയിരുന്നതെങ്കിൽ ഹാ!!*

*മറിയയെപ്പോലെ പ്രസവിക്കുവാൻ വന്നുകൂടിയ സ്ത്രീകൾ പലരും സംതൃപ്തിയോടുകൂടി വീട്ടിൽ പോയി. അതും ഈ ഡോക്ടർതന്നെയാ ണല്ലോ എന്ന് ഓർത്തപ്പോൾ അവന്റെ ഉള്ളു നീറിക്കൊണ്ടിരുന്നു. അവൻ വീണ്ടും ഡാക്ടറുടെ വീട്ടിൽ ചെന്നു. ഡാക്ടറുടെ ഭാര്യ പറഞ്ഞു - അദ്ദേഹം ഉറങ്ങുകയാണെന്ന്. ഉറക്കം തെളിയുന്നതുവരെ അവൻ കാത്തു നിന്നു. ഉവ്വ്, - ഡാക്ടരുടെ ഭാര്യയ്ക്ക് ഭർത്താവിനോടുള്ള സ്നേഹം പോലെതന്നെയാണ്, മറിയയ്ക്കും ഭർത്താവിനോടുള്ളത്. അതു മാത്തനു പൂർണമായി അറിയാമായിരുന്നു.*

*എടോ - ഡാക്ടർ ചോദിച്ചു - താനെന്തിനാണു വന്നത്?*

*മാ - പൊന്നെജമാനെ ദൈവത്തെയോർത്തു മറിയ .....*

*ഡാക്ടർ - ഛീ, ഇറങ്ങു പുറത്ത്. എപ്പോഴും വന്നു മറിയ, മറിയ. ഞാനതിന് എന്തുവേണം, ഞാൻ വല്ലതും തെറ്റു ചെയ്തതുകൊണ്ടാണോ താൻ ഓടിനടക്കുന്നത്. "ദൈവത്തെ ഓർത്ത്". ദൈവത്തെയോർത്തല്ലേ ഞാനിതൊക്കെ ചെയ്യുന്നത്. ഇതിൽ കൂടുതലെന്തു ചെയ്യണം. തന്റെ ഭാര്യയ്ക്കു ഗർഭമുണ്ടെന്നു കണ്ടു ഞാൻ ഉണ്ണുകയും ഉറങ്ങുകയുമൊന്നും വേണ്ടേ. എന്തു മര്യാദയാണ് ഇത്. പോകൂ പുറത്ത്. മേലാൽ എന്നെ ഉപദ്രവിക്കരുത്. ആശുപത്രിയിൽ കിടക്കുന്ന രോഗിയെ ഡാക്ടർ വേണ്ട തരത്തിൽ നോക്കിക്കൊള്ളും. താൻ ഒന്നും എന്നെ പഠിപ്പിക്കേണ്ടാ.*

*വരാന്തയിൽ നിൽക്കുന്ന ഡാക്ടരും വെൺകളിതിരളുന്ന കെട്ടിടവും എല്ലാം പമ്പരംപോലെ കറങ്ങുന്നതായി മാത്തനു തോന്നി. അവന്റെചെവിയിൽനിന്ന് ഒരു സീൽക്കാരം പുറപ്പെട്ടു. വരണ്ട തൊണ്ട നനയ്ക്കുന്നതിന് ഇത്തിരി ഉമിനീർ അവൻ ഇറക്കി നോക്കി. ആ ഉണങ്ങിയ നാക്കിന്മേൽ അതില്ലായിരുന്നു. മദോന്മത്തനായ അവ്യവസ്ഥിതനെപ്പോലെ, തുടിക്കുന്ന ഹൃദയത്തോടെ ആ നിസ്സഹായൻ പടിവാതിൽ കടന്നു.*

*മാത്തൻ നേരെ അടുത്തുള്ള ഒരു പുരോഹിതന്റെ അടുക്കലേക്കാണു ചെന്നത്. അദ്ദേഹം ചുവന്നതും കറുത്തതുമായ ഏതോ അക്ഷരങ്ങളുള്ള ഒരു പുസ്തകം നിവർത്തിപിടിച്ചു നടന്നുകൊണ്ടു പ്രാർഥിക്കയായിരുന്നു. അത് ഈശ്വരപ്രീതിയോ ആരോഗ്യപോഷണത്തിനോ എന്നു രൂപമില്ല. രണ്ടും ഒരേകാലത്ത് പരിരക്ഷിക്കാമെങ്കിൽ നല്ലതുതന്നെയാണല്ലോ. പ്രാർഥന കണ്ടു മാത്തൻ കുറേനേരം ക്ഷമിച്ചുനിന്നപ്പോൾ പുരോഹിതൻ ചോദിച്ചു - എന്താ വന്നത് എന്ന്.*

*മാ- എന്റെ കെട്ടിയവൾ ആശുപത്രിയിലാണ് അവൾക്ക് പ്രസവത്തിന്റെ വലിയ അരുതായ്കയാ. ദൈവത്തെ ഓർത്ത് എനിക്കു ഒരു അഞ്ചു രൂപാ തരണം. ഞാൻ ചത്തില്ലേ ഒരു മാസത്തിനകം തരാം.*

*പുരോ - എന്തു ചെയ്യുന്നു. ഇവിടെ ഒറ്റക്കാശുപോലും കിടപ്പില്ല. ഉണ്ടായിരുന്നെങ്കിൽ തരാമായിരുന്നു. കഷ്ടം! പണമൊന്നുമില്ലല്ലോ.*

*മാ - ഒറ്റക്കാട്ടു ചെന്നു ചോദിച്ചപ്പോൾ അവിടെക്കിടന്ന അഞ്ചുരൂപാ കുറച്ചുമുമ്പ് ഇവിടെ കൊണ്ടുവന്നു തന്നു എന്നു പറഞ്ഞു. അതു കെടപ്പുണ്ടേ ... .... ....*

*പുരോ - ഓ, അതു വയ്യാ, അതു വയ്യാ നാളെ രാവിലെ ചേട്ടന്റെ കുട്ടികൾക്കു ഫീസു കൊടുക്കാൻ ഇട്ടിരിക്കുന്ന പണമാ. പഠിക്കുന്ന കുട്ടികൾക്കു ഫീസു കൊടുക്കാതിരുന്നാക്കൊള്ളാമോ.*

*മാ - എന്റെ വിഷമംകൊണ്ടു ചോദിക്കുന്നതാ. വല്ലതും കഴിവൊണ്ടേ എന്നെ ഒന്നു രക്ഷിക്കണം. ദൈവം കഴിഞ്ഞാ ..............*

*പുരോ - എന്റെ മകനെ വിഷമം തമ്പുരാൻ തീർക്കുമ്പളേ തീരത്തൊള്ളൂ. ഈ ബുദ്ധിമുട്ടും പ്രയാസങ്ങളുമെല്ലാം തമ്പുരാന്റെ വിധിയാ. അതിനോടു "മറുതലിക്കാൻ" നോക്കണ്ടാ.*

മാത്തന്റെ കൈയിൽ എവിടെനിന്നോ കിട്ടിയ ഒരു ഒൻപതു ചക്രമുണ്ടായിരുന്നു. അവൻ അതു പുരോഹിതന്റെ കൈയിലേക്കു കൊടുത്തു; മറിയയ്ക്കു ദൈവപ്രാതികുല്യമുണ്ടെങ്കിൽ പരിഹരിക്കുന്നതിന് ഒരു സുകൃതപൂജയ്ക്ക്. പണം സുസൂക്ഷ്മം എണ്ണിനോക്കിയശേഷം പുരോഹിതൻ പറഞ്ഞു. എന്റെ മകനെ – ഇത് എനിക്കു മുതലാകുന്നില്ല. ഞാൻ വേണമെങ്കിൽ ഇത് ഇവിടെ ഇട്ടേക്കാം. ശേഷംകൂടി തരുമ്പോൾ കർമം നടത്തിയേക്കാം. മാത്തന് അതു സമ്മതമായിരുന്നു. അവനു മറ്റാരെക്കാളും വിശ്വാസം അദ്ദേഹത്തോടുണ്ടായിരുന്നു. അവൻ അവന്റെ ഒരു അയൽവീട്ടുകാരന്റെ അടുക്കലേക്കു തിരിച്ചു. അപ്പോഴേക്കും നേരം സന്ധ്യയായി. നഗരാതിർത്തിയിൽ വിളക്കുകൾ കൊളുത്തിക്കഴിഞ്ഞു. ഇരുട്ടും വേദനയും ഒരുപോലെ പരക്കുന്നുണ്ടായിരുന്നു.

മാത്തന്റെ അയൽക്കാരൻ ഒരു ശവപ്പെട്ടികച്ചവടക്കാരനായിരുന്നു. അവൻ അയാളുടെ വീട്ടിൽ ചെന്നു. അയാൾ പ്രാർഥിക്കുവാൻ പോയിരിക്കുകയായിരുന്നു. സ്ഥലം കണ്ടുപിടിച്ചു കൂട്ടുകാരന്റെ പിറകിൽ മാത്തനും പ്രാർത്ഥനയ്ക്കായി ഇരുന്നു. പക്ഷേ അവന്റെ മനസ്സ് ഏകാഗ്രമായി നിന്നില്ല. അത് ആ ആശുപത്രിയിൽത്തന്നെ നിൽക്കയാണ്. സ്നേഹിതന്റെ പ്രാർഥനയിൽ കുറെ ഭാഗം മാത്തൻ കേട്ടു. – "എന്റെ പെട്ടി ഇന്ന് ഒന്നും ചെലവായില്ല. നാളെ ഒരു രണ്ടു പെട്ടിയെങ്കിലും ചെലവാകണേ." പെട്ടി ചെലവാകണേ എന്നുള്ള പ്രാർത്ഥനയും തന്റെ ഭാര്യയുടെ രോഗസ്ഥിതിയുംകൂടി ഓർത്തപ്പോൾ ആ പ്രാർത്ഥനയിൽ മാത്തന് ഒരു വല്ലായ്മ തോന്നി. പ്രാർത്ഥന കഴിഞ്ഞയുടനെ മാത്തൻ പറഞ്ഞു. എന്റെ പൊന്നു കാക്കൂ. എന്നെ ഈ നേരത്തു നീ ഉപേക്ഷിക്കരുത്. നിനക്കുമില്ലേ പെമ്പറന്നോത്തീം പിള്ളാരും.

കാക്കൂ – എന്നാ വേണം മാത്താ; അതിന്.

മാ – എനിക്ക് ഇപ്പോൾ ഒരു അഞ്ചു രൂപാ തരണം.

കാക്കൂ – ഇവിടെ ഇല്ലല്ലോ മാത്താ രൂപായൊന്നും

മാ – എന്റെ പൊന്നു കാക്കൂ എന്നോടങ്ങനെ പറയരുത്.

കാക്കൂ– നിനക്കിപ്പം എന്തിനാ മാത്താ രൂപാ.

മാ – ഇന്നെട്ടു ദിവസമായില്ലേ, പൊന്നെ ഈ കെടപ്പുകെടക്കാൻ തൊടങ്ങീട്ട്. എന്റെ കൈയിൽ പണമില്ലെന്നുള്ള കാര്യം അറിയാൻ ആരാ ഒള്ളെ. അഞ്ചൂ രൂപായേലും മുടിച്ചില്ലേ, കളി മാറുമെന്നാ തോന്നുന്നെ.

കാക്കൂ, ആ, സംസ്ക്കാരഹീനനു സഹോദരന്റെ ഹൃദയംഗമമായ ഈ അപേക്ഷയെ തടുക്കുവാനുള്ള തന്ത്രങ്ങൾ വശമുണ്ടായിരുന്നില്ല. അവൻ കുറേനേരം മൗനമായി നടന്നു വീട്ടിൽ ചെന്നു കയറിയശേഷം പറഞ്ഞു – മാത്താ, മനസ്സറിഞ്ഞു കള്ളം പറയാൻ എനിക്കു മേല. നിന്റെ ആവശ്യോം വല്ലാത്തതാണ്. ഞാൻ ഈ പാർക്കുന്നതിന്റെ പാട്ടം കൊടു

*ക്കാൻ അങ്ങനെയിങ്ങനെ ഒരു ആറു രൂപാ ഒണ്ടാക്കിയിട്ടുണ്ട്. അതു തന്നാ എപ്പം തിരിച്ചതരും.*

*മാത്തൻ അവളൊന്നെഴുന്നേറ്റാലെങ്ങനെയേലും ഒണ്ടാക്കിത്തരാം. കാക്കൂ രൂപാ എടുത്തുകൊണ്ടുവന്നു നീട്ടിക്കൊണ്ടു പറഞ്ഞു - മാത്താ എന്നെ ചതിക്കല്ലേ.*

*മാത്തൻ - കാക്കൂ, ഞാനല്ലേ പറഞ്ഞെ: നമ്മളു രണ്ടും ആണുങ്ങ ളല്ലെ. കാക്കുവിന്റെ ദത്തശ്രദ്ധയായ ഭാര്യ പറഞ്ഞു, പോട്ടെ, ഒരു പെണ്ണല്ലേ വല്ല തരത്തിലും വീർപ്പോടിക്കോട്ടെ.*

*മാത്തൻ രൂപായുമായി, ആ രാത്രിയുടെ പ്രാണവേദനപോലെ അന്ധ കാരച്ചുരുളുകളെ തള്ളിനീക്കി മുമ്പോട്ടു പാഞ്ഞു.*

*IV*

*മറിയയെ അന്നു ശസ്ത്രക്രിയയ്ക്കുള്ള മുറിയിലേക്ക് മാറ്റി. നട്ടെല്ലും തലയും ഉയർത്തിപ്പിടിക്കാവുന്ന ഒരു സ്വതന്ത്രനായി മാത്തനെ അന്നവിടെ കാണാമായിരുന്നു. ശസ്ത്രങ്ങളുമായി അടുത്ത ഡോക്ടറെ നോക്കിക്കൊണ്ട് മറിയ അവൾക്ക് മാത്തനെ ഒന്നു കാണണമെന്നു പറഞ്ഞു. സന്തപ്തഹൃദയനായ മാത്തൻ അടുത്തുചെന്നു. അവൾ ഹൃദ യനാഥന്റെ കരം കവർന്നു കൈപ്പത്തിമേൽ ഒന്നു ചുംബിച്ചു. അവളുടെ തെളിഞ്ഞ കണ്ണുകളിൽ നിറഞ്ഞ കണ്ണുനീർത്തുള്ളികൾ കണ്ടു പതറിയ കണ്ഠത്തോടുകൂടി മാത്തൻ പറഞ്ഞു. - ഒന്നുമില്ല. എല്ലാം യജമാൻ ഇപ്പോൾ ശരിയാക്കും. നിനക്കു ഞാനില്ലേ, എന്റെ കണ്ണു മറഞ്ഞിട്ടേ നിന്നെ ഞാൻ ദുഃഖിപ്പിക്കത്തൊള്ളൂ. ഉവ്വ്, അതു സത്യമാണെന്നു മറി യക്ക് പൂർണ്ണമായറിയാമായിരുന്നു. അവൾ ആ കൈപ്പത്തിമേൽ ഒന്നു കൂടി ചുംബിച്ചു. അവളുടെ മുഖത്തു ചിതറിക്കിടന്നിരുന്ന തലമുടി അവൻ ഒതുക്കിവെച്ചു. ഡാക്ടർ കുപ്പിയെടുത്തു മയക്കുമരുന്നു മൂക്കിനോടു ചേർത്തു പിടിച്ചു. ശസ്ത്രങ്ങൾ ചാതുര്യത്തോടുകൂടി സഞ്ചരിച്ചുകൊ ണ്ടിരുന്നു. പക്ഷേ ആ ഭർതൃമതിയുടെ മയക്കം തീർക്കുവാനുള്ള മരുന്നോ ശാന്തിയെ ഭഞ്ജിക്കുവാനുള്ള ശസ്ത്രമോ ഡോക്ടറുടെ പക്കലുണ്ടാ യിരുന്നില്ല. പ്രസവവേദന കടന്നുചെല്ലാത്ത നിത്യശാന്തിയുടെ മടിത്ത ട്ടിൽ ഇണയെപ്പിരിഞ്ഞു ആ പതിവ്രത തലചായ്ച്ചു.*

*ഉവ്വ്, തെറ്റു മാത്തന്റെ പക്കൽത്തന്നെയാണ്. അയാൾ കാക്കുവിനെ ഒന്നുരണ്ടു ദിവസം മുമ്പുതന്നെ കാണേണ്ടതായിരുന്നു.*

*ഒരു ഭ്രാന്തനെപ്പോലെ മാത്തൻ ഡാക്ടരുടെ നേരെ ഓടിച്ചെല്ലുന്നതു പലരും കണ്ടു. പക്ഷേ അവൻ എന്തു ചെയ്തു എന്ന് ആർക്കും അറി ഞ്ഞുകൂടാ. തല പൊട്ടി രക്താഭിഷിക്തനും, ബോധശൂന്യനുമായിട്ടാണു പിന്നീടു ഡാക്ടറെ കണ്ടത്.*

*ഇരുമ്പഴിക്കുള്ളിൽ കിടന്നുറങ്ങുന്ന കുറ്റക്കാരനായ മാത്തനെ ഉഷ സ്സിന്റെ സന്ദേശം ആദ്യമായിച്ചെന്നറിയിക്കുന്നത് ആ കനത്ത ഭിത്തിയുടെ*

*മുകളിൽ സ്ഥിതി ചെയ്യുന്ന സുഷിരത്തിൽ കൂടി കടന്നുവരുന്ന ഒരു കന കക്കുതിരയായിരുന്നു. അവന്റെ അന്തരാത്മാവുമായി വാസരാരംഭത്തിൽ അഭിമുഖസംഭാഷണം നടത്തുന്ന ആത്മസുഹൃത്തും അതുതന്നെയായി രുന്നു. മാത്തൻ എഴുന്നേറ്റിരുന്നു ചിന്തിക്കും. ഇപ്പോൾ തന്റെ കുടിലിലാ യിരുന്നെങ്കിൽ മറിയ എന്തു ചെയ്യുമായിരുന്നെന്ന്. ദൂരെ ഇരുമ്പഴികൾക്കി ടയിൽക്കൂടി കാണാവുന്ന ഏതോ ഒരു വൃക്ഷശിഖരത്തിലെ പച്ചിലത്ത ഴപ്പു. മറിയയുടെ ആത്മാവിൽ കുടികൊണ്ടിരുന്ന അമൂല്യമായ ഒരു അന ശ്വരത്തഴപ്പിനെയാണ് ആ കുറ്റക്കാരനു ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നത്. അവിടെ അയാൾക്കു നല്ല നല്ല ആഹാരങ്ങൾ കിട്ടുമായിരുന്നെങ്കിലും അവയ്ക്കു മറിയ കൊടുക്കുന്ന ഒരു "ചമ്മന്തി"ക്കുള്ളിടത്തോളമെങ്കിലും സ്വാദുള്ളതായി അവന് അനുഭവപ്പെട്ടില്ല.*

*ആ, ജയിൽവളപ്പിനകത്തു മാത്തനെക്കൊണ്ടും വേല ചെയ്യിക്കുമാ യിരുന്നു. വേലക്കൂലിയായി ഒരിക്കൽ ഒരു ഏഴു രൂപാ അവനു കിട്ടുകയു ണ്ടായി. അത് അവൻ ഭദ്രമായി സൂക്ഷിച്ചു. ഒരിക്കൽ വേലസമയത്തു മാത്തന്റെ നിത്യ പരിചയക്കാരനായിരുന്ന ഒരു ജയിൽപ്പുള്ളി ചോദിച്ചു – എടോ മാത്തൻ, തനിക്ക് താൻ ചെയ്തിട്ടുള്ളതിലേക്കും നല്ല പ്രവൃത്തി യായിത്തോന്നുന്നതെന്താണ്. ഇനിക്കോ – മാത്തൻ കുറേനേരം ആലോ ചിച്ചശേഷം പറഞ്ഞു – ആ അപ്പോത്തിക്കരിക്കിട്ടു നല്ലതിൽ രണ്ടു കൊടു ക്കാൻ പറ്റിയതാണ്!!*

*മാത്തനപ്പോഴും തെറ്റു ചെയ്തതിനുള്ള ജയിൽ ശിക്ഷ അനുഭവി ച്ചുകൊണ്ടിരിക്കുകയായിരുന്നു!! ഉവ്വ്, ജയിൽ! അതൊരു മാനസിക ആശു പത്രിയായിരുന്നില്ല. ആയിരുന്നെങ്കിൽത്തന്നെ അവൻ എന്തു പറയുമാ യിരുന്നെന്ന് അറിഞ്ഞുകൂടാ.*

*V*

*കാക്കു – ഒരിക്കൽ കിടക്കാറായപ്പോൾ വല്ലാതെ നീണ്ടു നാലുപാടും പതറിക്കിടന്ന തലമുടിയോടും, തഴച്ചുവളർന്ന അധരം ആക്രമിച്ചെടുത്ത സ്മശ്രുപടലങ്ങളോടും, ജീവിത വ്യഗ്രതയുടെ ചുവപ്പുകൊടിപോലുള്ള വസ്ത്രഖണ്ഡങ്ങളോടും തിടുക്കമായി ഒരാൾ കാക്കുവിന്റെ വീട്ടിൽ ചെന്നു കയറി. കാക്കുവിന് അവന്റെ കണ്ണിനെ വിശ്വസിക്കുവാൻ കരു ത്തുണ്ടായില്ല. അവൻ അമ്പരന്നു ചോദിച്ചു – അയ്യോ ...... മാ ....... അതെ ആഗതൻ പറഞ്ഞു – കാക്കൂ, താൻ പേടിക്കാതിരിക്ക്, ഞാൻ പോകയാ. താൻ എനിക്കു ചെയ്ത ഉപകാരം ഞാൻ മരിച്ചാലും മറക്കത്തില്ല. തന്റെ രൂപായും പലിശയും ഇതാ പിടിച്ചോ.*

*മാത്തനു കാക്കുവിന്റെ രൂപ കൊടുക്കാതിരിക്കുവാൻ നിയമസമാ ധാനങ്ങളൊന്നും അറിഞ്ഞുകൂടായിരുന്നു. അവന്റെ ആ, കടത്തെപ്പറ്റി യുള്ള ഹൃദയവേദന ശമിപ്പിക്കുവാൻ സംസ്ക്കാരമദിരകൾ ഒന്നും കിട്ടി യിരുന്നില്ല.*

*മാത്തൻ അവന്റെ തുണിത്തുമ്പഴിച്ച് ഉണ്ടായിരുന്നതു മുഴുവൻ അവിടെ വച്ചിട്ടു പഴയപടി ഇരുട്ടിലേക്ക് ഓടിമറഞ്ഞു. സ്വപ്നമോ മായയോ എന്തെന്നറിയാതെ, കാക്കു അവിടെ മിഴിച്ചു നിൽക്കുകയായിരുന്നു. അയാളുടെ ഭാര്യ ചോദിച്ചു –"എന്തേ മനുഷേനേ ഇതെന്നാ നിപ്പാ" അവൻ ഉണർന്നു. അതു രൂപാ തന്നെയോ എന്നറിവാൻ അതിൽ ഒന്നെടുത്തു. അവൻ മണ്ണെണ്ണ വിളക്കിനടുത്തുപിടിച്ചു നോക്കി. അതിനു നല്ല ശബ്ദവും ഉണ്ടായിരുന്നു. കാക്കു അഞ്ചു രൂപായെ കൊടുത്തുള്ളൂ. പക്ഷേ അത് അതിൽ കൂടുതലുണ്ടായിരുന്നു. കാക്കുവിന്റെ ഭാര്യ പറഞ്ഞു – എന്നാലും നിങ്ങൾ അയാളോടു തുള്ളി വെള്ളം കുടിക്കാൻപോലും പറഞ്ഞില്ലല്ലോ. കാക്കുവും അതു സമ്മതിച്ചു. എന്നാൽ അയാൾക്കു മനസ്സുകേടുണ്ടായിട്ടല്ല. അതെല്ലാം ഒരു മിന്നൽപ്പിണർ മാത്രമായിരുന്നു. കാക്കു വെളിയിലിറങ്ങി കുറേനേരം ചുറ്റി നോക്കി, മാത്തനെ കണ്ടു പിടിച്ചു കുറച്ച് അത്താഴമെങ്കിലും കൊടുക്കാൻ. പക്ഷേ അപ്പോൾ മാത്തനെവിടെ? കാക്കു എവിടെ?*

*മാത്തൻ ഒരു ഫോട്ടോയുമായി നേരേ ആസ്പത്രിയിലേക്കുതന്നെ കയറിച്ചെന്നു. അവിടത്തെ വിളക്ക് അണച്ചിട്ടില്ലായിരുന്നു. ആ വിളക്കിനടുത്തു ചെന്ന് അവൻ ഫോട്ടോയിലെ ആളുകളെ സൂക്ഷിച്ചു നോക്കി. മറിയ അതിൽ ഉണ്ടായിരുന്നു. വിവാഹത്തിനു മുമ്പ് അവൾ ഒരു തൂപ്പുകാരിപ്പെണ്ണായി അടുത്തുള്ള ഒരു വലിയ വീട്ടിൽ നിന്നിരുന്നു. അന്ന് ആ കുടുംബഫോട്ടോയുടെ കൂടെ വേലക്കാരിപ്പെണ്ണും ഉൾപ്പെട്ടു. ഫോട്ടോകാര്യത്തെപ്പറ്റി അവൾ പലപ്പോഴും മാത്തനോടു പറഞ്ഞിട്ടുള്ളതാണ്. അവൻ അതിൽ രണ്ടുമൂന്നു പ്രാവശ്യം ചുംബിച്ചശേഷം നേരെ ആ കുഴിമാടത്തിലേക്കു പോയി. ആശുപത്രിപുരയിടത്തിൽ മറിയയുടെ വിശ്രമരംഗം എവിടെയാണെന്നു മാത്തനറിയാമായിരുന്നു. മെഴുകുതിരി കത്തിച്ച് ഏതോ അപ്രതിഹതപ്രേരണയാൽ വിശ്രാന്തിക്കായി അവൻ അവിടെ ഇരുന്നു. ജയിലിൽനിന്ന് ഒരു "പുള്ളി " ഒളിച്ചോടിയതു ടെലിഫോൺവഴി നാട്ടിലെ ജയിലുകൾക്കെല്ലാം അറിവുകിട്ടി. അന്വേഷണത്തിനായി പലരും ഇറങ്ങിത്തിരിച്ചു. ഉച്ചയോടുകൂടി ഒരു രോഗപരിചാരിക ചെന്നു ഡാക്ടരെ അറിയിച്ചു – ഒരു ഭ്രാന്തൻ മെഴുകുതിരി കത്തിച്ചു വച്ചുകൊണ്ട് ഒരു കുഴിമാടത്തിൽ ഇരിക്കുന്നു എന്ന്. ഡാക്ടർക്ക് അടുത്തുള്ള ഒരു ശാഖാലയത്തിലേക്കു പോകേണ്ടതുമുണ്ടായി. അദ്ദേഹം ചെരിപ്പിന്റെ കിറുകിറാരവത്തെ ഭേദിച്ചു, പുറം തിരിഞ്ഞിരുന്ന ഭ്രാന്തനെ നോക്കി ചോദിച്ചു – ആരത്?*

*ആ പഴയ ശബ്ദം തന്നെ. മാത്തൻ ഒന്നു തിരിഞ്ഞുനോക്കി. ആ ചോദ്യത്തിന്റെ ഉത്തരം അതർഹിക്കുന്ന അവജ്ഞയിൽ ഒറ്റനോട്ടം കൊണ്ടു മാത്തൻ സാധിച്ചു. അവരുടെ കണ്ണുകൾ ഇടഞ്ഞു. ഉന്നതനും ഗംഭീരനും ആയ ആ ഡോക്ടർക്ക് അന്നത്തെ ആ മുറിവിൽ കൂടി വീണ്ടും രക്തം പ്രവഹിക്കുന്നതായി അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ തല കറങ്ങി. ഹൃദയം സ്തംഭിച്ചു. മാത്തനോടു കാണിച്ച ദയയില്ലായ്മയ്ക്ക് ഒരു സാഷ്*

ടാംഗനമസ്ക്കാരമോ എന്നു തോന്നുമാറ് അടുത്തു നിന്നവരുടെ താങ്ങലിൽ പെടാതെ അദ്ദേഹം ബോധഹീനനായി നിലംപതിച്ചു. അതിൽ പിന്നെ അദ്ദേഹം ഉണർന്നിട്ടില്ല. ഒരു പക്ഷേ മറിയയോടു മാപ്പിരക്കാനാ യിരിക്കാം അദ്ദേഹം ഇത്ര പെട്ടുന്നു യാത്ര തിരിച്ചത്. അപ്പോഴും ഒരു യോഗീശ്വരന്റെ ശാന്തിയും ഗൗരവവും ഇളക്കാതെ മാത്തൻ ഇരുന്നേട ത്തുതന്നെ ഇരുന്നതേയുള്ളൂ.

പോലീസുകാർ വന്നപ്പോഴും അയാൾ അവിടെത്തന്നെ ഇരുന്നിരുന്നു. പക്ഷേ എന്തിനോ ആ ഫോട്ടോ അവൻ മറച്ചു. അവർ അതു കാണാതി രുന്നില്ല. ബുദ്ധിമാന്മാരായ കുറെ പോലീസുകാർ ആ ഫോട്ടോയിലെ അംഗങ്ങൾ ഉള്ള വീട്ടിൽ ചെന്ന് അന്വേഷണം നടത്തി. മാത്തൻ മോഷ്ടിച്ച മറ്റു സാധനങ്ങൾ എന്തൊക്കെയാണെന്ന്; ഒന്നുമില്ലായിരുന്നു, ഒരു ഫോട്ടോയല്ലാതെ.

മാത്തൻ - അവൻ ഡോക്ടരെ കൊല്ലാനാണു ജയിൽ ചാടിയത് എന്ന തെളിവിനെ നിഷേധിക്കുവാൻ അവനു ന്യായമുണ്ടായിരുന്നില്ല. അവന്റെ ശിരസ്സിൽ നിയമം വീണ്ടും നമ്പരിട്ടു കുറ്റങ്ങൾ അടുക്കി വച്ചു. കൊലക്കുറ്റം, ജയിൽ ചാട്ടം, മോഷണം.

അവന്റെ മുറിയുടെ മുമ്പിൽ ഒരു പരസ്യപ്പലകമേൽ ഒരു അന്ത്യ ക്കുറിമാനം കാണാറായി; അതെ മാത്തൻ തൂക്കുമരത്തിലേക്കു പോക ണമെന്നായിരുന്നു. ഒരു വൈദികൻ, അവന്റെ ഉത്തമമനസ്താപമധിക രിച്ചു പലതും പറഞ്ഞു. രണ്ടു ജീവിതാശകൾ അവൻ അദ്ദേഹത്തെ അറി യിച്ചു. ആ ഫോട്ടോ ഒരിക്കൽക്കൂടി കാണുന്നതിനും, അവന്റെ മൃതശ രീരം മറിയയുടെ കുഴിമാടത്തിനടുത്തു സംസ്ക്കരിക്കണമെന്നും.

മാത്തനു പിന്നെ ഒരു രാത്രികൂടെയേ ശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ; അതെ അവന്റെ ആയുസ്സിനു മുപ്പതുനാഴികകൂടിയെ നീളമുണ്ടായിരു ന്നുള്ളൂ. മറിയയ്ക്കു അവന്റെ ഹൃദയത്തിൽ മുപ്പതുനാഴികകൂടിയേ ഭദ്ര മായി അധിവസിക്കുവാൻ ആവകാശമുണ്ടായിരുന്നുള്ളൂ. മാത്തനെ സംബ ന്ധിച്ച് എത്ര മാത്രം നീളുവാൻ സാധിക്കുമെന്നു രാത്രിക്ക് ഒരു പരീക്ഷ നടത്താവുന്ന, അവസരവും അതായിരുന്നു.

പുലരി ആ ജയിൽവളപ്പിനു മുറ്റത്തുള്ള വൃക്ഷ ശിഖരങ്ങളിലിരുന്ന പറവകളിൽക്കൂടി ചരമഗാനം പാടി. അവന്റെ ആത്മാവുമായി അഭിമുഖ സംഭാഷണം നടത്താറുള്ള ആ, കിരണം, അവന്റെ അടുക്കലേക്കുള്ള വഴി നടന്നുതീർന്നില്ല. മാത്തൻ ഉറക്കമിളച്ചു കാത്തിരിക്കയാണ്.

ആ ഒൻപതുചക്രത്തിന്റെ കഥയെന്തായി എന്നറിഞ്ഞുകൂടാ. മാത്തൻ കാക്കുവിനോടു കടംവാങ്ങിച്ചതുപോലുള്ള തുകകൾ പലതും ഡാക്ടരുടെ വീട്ടിലിരുന്നു വിവിധരൂപത്തിൽ മന്ദഹസിക്കുന്നുണ്ടായിരുന്നു. ആ ജയിൽ ചാട്ടത്തിന് അവനെ പ്രേരിപ്പിച്ച ആത്മരഹസ്യം എന്തായിരു

*ന്നെന്നു നിയമം വിധികല്പിച്ചെങ്കിലും സത്യം വാതുറന്നില്ല. മാത്തൻ ഒന്നും പറഞ്ഞില്ല. ഒരു പക്ഷേ, തൂക്കുമരച്ചുവട്ടില്ലേക്കുള്ള ദൂരം നടന്നു തീർക്കുന്ന അവൻ ആ ഭാരം വായനക്കാർക്കു വിട്ടുകൊടുത്തിരിക്കയായിരിക്കാം.*

*അധികാരികൾ ചോദിച്ചു, മാത്താ നിനക്കു വല്ല ആശകളും ഉണ്ടോ എന്ന്. അക്ഷോഭ്യനായി, അശ്രദ്ധനായി അവൻ പാടിക്കൊണ്ടിരുന്നു:-*

*"കുന്നത്തെപ്പൈങ്കിളി, പൊന്നാരപ്പൈങ്കിളി*
*അന്നത്തെക്കതിരിനു പൂവുവന്നോ?*
*കുന്നത്തെപ്പൈങ്കിളി, പൊന്നാരപ്പൈങ്കിളി*
*അക്കുഴിമാടത്തിൽ പ്രാവുവന്നോ?"*

ഫ്രാൻസിസ് മാർപാപ്പാ കാരുണ്യത്തിന് ഒരു വർഷമാണ് പ്രഖ്യാപിച്ചത്. മാത്തന് വേണ്ടിയിരുന്നത് കാരുണ്യത്തിന്റെ ഒരു നിമിഷമായിരുന്നു. തൂക്കുമരച്ചുവട്ടിലേക്ക് നടക്കുമ്പോൾ മാത്തൻ ആഗ്രഹിച്ചത് കാരുണ്യത്തിന്റെ ഒരു നിമിഷമായിരുന്നു. കാക്കുവിന് നൽകുവാനുണ്ടായിരുന്നത് കാരുണ്യത്തിന്റെ ഒരു നിമിഷമായിരുന്നു. കാരുണ്യത്തിന്റെ ഒരു വർഷം വേണ്ട ഒരു നിമിഷം ഉണ്ടായിരുന്നെങ്കിൽ മറിയയുടെ കണ്ണ് അടയുമായിരുന്നില്ല.

മാർപാപ്പായുടെ കാരുണ്യത്തിന്റെ ഒരു വർഷത്തെക്കുറിച്ച് കേട്ടപ്പോൾ കാക്കുവിന്റെ കാരുണ്യത്തിന്റെ ഒരു നിമിഷത്തിന്റെ വിലയെക്കുറിച്ചാണ് ഞാൻ ഓർത്തത്.

വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിന്റെ മുകൾത്തട്ടിൽ മൈക്കിൾ ആഞ്ചലോ വരച്ച പ്രസിദ്ധമായ അന്ത്യവിധിയുടെ ചിത്രീകരണത്തിൽ കാക്കുവിന്റെയും, മാത്തനെ സഹായിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് "ഒരു പെണ്ണല്ലേ വല്ല തരത്തിലും വീർപ്പോടിക്കോട്ടെ" എന്നു പറഞ്ഞ് കാരുണ്യത്തിന്റെ നിമിഷത്തിലേക്ക് കാക്കുവിനെ തള്ളിവിട്ട അദ്ദേഹത്തിന്റെ ഭാര്യയുടെയും ചിത്രങ്ങൾ വലതുഭാഗത്ത് ചിത്രീകരിച്ചിട്ടില്ലെങ്കിലും പൊൻകുന്നം വർക്കിയുടെ തൂലിക ആ ചിത്രങ്ങൾ മനോഹരങ്ങളായി മനുഷ്യമനസ്സിൽ തറയ്ക്കുംവിധം ചിത്രീകരിച്ചിരിക്കുന്നു.

ഒരു ക്രൈസ്തവന്റെ ഹൃദയം നിറഞ്ഞ ബലൂൺപോലെയായിരിക്കണം. ബലൂണിന് ഒരു ചെറിയ സുഷിരമുണ്ടായാൽ വായു പുറത്തേക്കൊഴുകും. കാരുണ്യം മനുഷ്യഹൃദയത്തിൽ അതുപോലെയാകണം. നിസ്വൻ രണ്ടുകൈയുംനീട്ടി കാരുണ്യത്തിനുവേണ്ടി യാചിക്കുമ്പോൾ നിറഞ്ഞ ബലൂണിൽനിന്നും വായു എന്നപോലെ കാരുണ്യം പ്രവഹിക്കണം. അല്ലാത്തപക്ഷം കഠിനമായ ദുരന്തമായിരിക്കും അയാളെ കാത്തിരിക്കുകയെന്ന് ഡോക്ടറുടെ പാഠം പഠിപ്പിക്കുന്നു.

□□

# കോടികൾ മുടക്കി പണിയുന്ന പാരീഷ്ഹാളുകൾ!

**പി. സി. റോക്കി**

എറണാകുളം അതിരൂപതയുടെ കീഴിലുള്ള അങ്കമാലി, വല്ലം ഫൊറോനാ പള്ളികൾ പാരീഷ് ഹാളുകൾ പണിതിരിക്കുന്നത് വിശ്വാസികളിൽനിന്നും കോടികൾ പിരിച്ചും കോടീശ്വരന്മാരെക്കൊണ്ട് സ്പോൺസർ ചെയ്യിച്ചുമാണ്. പതിനായിരത്തിനും ഇരുപതിനായിത്തിനുമിടയ്ക്ക് സ്ക്വയർഫീററ് വിസ്തൃതിയുണ്ട് ഓരോന്നിനും.

അന്താരാഷ്ട്ര തീർത്ഥാടക കേന്ദ്രമായ മലയാറ്റൂരിന്റെ പ്രവേശന കവാടം, ആദിശങ്കരന്റെ ജന്മഭൂമി, സംസ്കൃത യൂണിവേഴ്സിറ്റി എന്നിങ്ങനെ ഒട്ടേറെ ഖ്യാതികളുള്ള കാലടിയിൽ, സെന്റ് ജോർജ് പള്ളിവക പാരീഷ്ഹാൾ മൂന്നു മാസം മുൻപ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

ഈ പാരീഷ് ഹാളിൽ മുകളിലത്തെ നിലയിൽ ക്യാമറാ, എയർകണ്ടീഷൻ എന്നീ സൗകര്യങ്ങളുണ്ട്. രണ്ടാം നിലയിൽ വിശാലമായ ഡൈനിംഗ് ഹാളും താഴത്തെനിലയിൽ റിസപ്ഷൻ സൗകര്യങ്ങളുമുണ്ട്. ഇത് അഞ്ചുകോടി രൂപാ മുടക്കി പണിതതാണെന്നു കേൾക്കുന്നു. ഒരു പരിപാടിക്ക് ഒരു ലക്ഷം രൂപയാണത്രെ ഹാൾ വാടക!

ഇതിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രസിദ്ധ ഗായികയും സിനിമാനടിയുമായ റിമി ടോമിയുടെ ഗാനമേളയുമുണ്ടായിരുന്നു. ഏറ്റവും മുൻനിരയിൽ കുടുംബടിക്കറ്റിന് 10000/- രൂപയും രണ്ടാം നിരയിൽ ആളൊന്നിന് 2500/- രൂപയും പുറകിൽ 1500/- രൂപയുമായിരുന്നുവത്രേ ടിക്കറ്റ് ചാർജ്! സ്ഥലത്തെ ഒരു കോടീശ്വരന്റെ നേതൃത്വത്തിലായിരുന്നു എല്ലാം അരങ്ങേറിയത്. ആഘോഷ സപ്ലിമെന്റുകളോ, പത്രപ്രസ്താവനകളോ, നോട്ടീസോ ഇല്ലാതെ വെബ്സൈറ്റ് പരസ്യം മാത്രം നൽകിയാണ് ഈ ഉദ്ഘാടനമഹാമഹം നടത്തിയത് എന്നാണറിയുന്നത്. അതിന്റെ ലക്ഷ്യം ദുരൂഹമാണ്.

'കോടികൾ മുടക്കി പള്ളികളും അനുബന്ധ സ്ഥാപനങ്ങളും പണിയരുത്'. 'ആഘോഷങ്ങൾ ആർഭാടങ്ങളാക്കരുത്' എന്നൊക്കെ ഉൽഘാടനവേളകളിലും പത്രങ്ങളിലൂടെയും പ്രസ്താവിക്കുന്നവർ ഇതിൽ പങ്കെടുക്കുന്നത് വിരോധാഭാസമായി തോന്നുന്നു.

ഉദ്ഘാടനം കഴിഞ്ഞ് ഒരാഴ്ച പിന്നിട്ടപ്പോൾ നാട്ടുകാരനായ ഒരു കോടീശ്വരൻ നടത്തിയ വൻ സദ്യയ്ക്ക് പ്ലേറ്റ് ഒന്നിന് 700/- രൂപയായിരുന്നത്രേ ചാർജ്! ഒരു ലക്ഷം രൂപ പാരീഷ്ഹാൾ വാടക വേറെയും.

പിന്നീട് ആഗസ്റ്റ് ഒൻപതിന് പ്രസിദ്ധ സിനിമാ നടൻ മുകേഷും ഭാര്യയും ഒരുമിച്ചഭിനയിച്ച 'നാഗ' എന്ന നാടകവും നടത്തി. അതിനും 10000/-രൂപവരെയായിരുന്നു ടിക്കറ്റ് നിരക്ക്. ഇതും നോട്ടീസ് വഴിയോ പത്രങ്ങൾ വഴിയോ പരസ്യപ്പെടുത്തിയിരുന്നില്ല.

1950-60 കാലഘട്ടത്തിൽ 'നീലക്കുയിൽ' എന്ന സിനിമയിൽ ഡാൻസ് ചെയ്തതിന് ഒരു ഡാൻസ് ടീച്ചറെ മഹറോൻ ചൊല്ലി സഭാധികാരികൾ പുറത്താക്കിയ സംഭവം ഓർക്കുന്നു. അവർതന്നെ ഇന്ന് പള്ളിഹാളുകളിൽ സിനിമാ, നാടക പ്രദർശനം മുതലായവ പണത്തിനുവേണ്ടി നടത്തുന്നു എന്നത് വിരോധാഭാസം തന്നെ.

കാലടിക്കടുത്ത് നീലീശ്വരം കൊവേന്ത വക കരേറ്റ മാതാപള്ളി പാരീഷ്ഹാളും ഒരു കോടീശ്വരന്റെ പേരിൽ കോടികൾ മുടക്കി പണികഴിപ്പിച്ചിട്ടുള്ളതാണ്.

കാലടി പരിസരത്തുതന്നെയുള്ള കൈപ്പട്ടൂർ സെന്റ് മേരീസ് പള്ളിയുടെ വക പാരീഷ് ഹാളും അൻപത് സെന്റോളം സ്ഥലത്ത് കോടികൾ മുടക്കി പണിതിട്ടുള്ളതാണ്.

പെരുമ്പാവൂരിലെ വല്ലം സെന്റ് തെരേസാസ് പള്ളി പാരീഷ്ഹാളിന് പതിനായിരം ചതുരശ്ര അടിയിലേറെ വിസ്തൃതിയുണ്ട്. പതിനയ്യായിരം രൂപയാണ് അവിടെ ഹാൾ വാടക എന്നറിയുന്നു. വല്ലത്തിനടുത്തുള്ള ആയത്തുപടി നിത്യസഹായ മാതാപള്ളിയുടെ വിസ്തൃതിയേറിയ പാരീഷ് ഹാളിന്റെ ഉൽഘാടന ചടങ്ങിൽ സിനിമാനടൻ ഇന്നസെന്റിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ഇവിടേയും ഹാൾ വാടക 15,000/- രൂപയാണത്രേ! ഇതിന്റെയൊക്കെ നിർമ്മാണത്തിന് ഫണ്ടും അദ്ധ്വാനവും സമയവും നൽകിയിട്ടുള്ള വിശ്വാസികൾക്ക് വാടകയിൽ ഒരിളവും നൽകുന്നില്ലതാനും.

നാടുനീളെ പള്ളികളും പാരീഷ്ഹാളുകളും കപ്പേളകളും പണിതുകൂട്ടി, ആ പേരിൽ കോടികൾ സമ്പാദിക്കുന്ന വൈദികരുണ്ടെന്ന ആക്ഷേപങ്ങൾ എല്ലായിടത്തുംതന്നെ ഇന്നു വ്യാപകമായി ഉയരുന്നുണ്ട്.

പട്ടിണിപ്പാവങ്ങളുടെ ചെറിയ പാർപ്പിടങ്ങൾക്ക് വൻ കെട്ടിടനികുതി ഈടാക്കുന്ന സർക്കാർ, പ്രതിവർഷം ലക്ഷങ്ങൾ വരുമാനം കൊയ്യുന്ന പാരീഷ്ഹാളുകൾക്ക് നികുതി ചുമത്താതെയും ഇളവു നൽകിയും ഖജനാവ് കാലിയാക്കുകയല്ലേ എന്ന ചോദ്യവും ഇവിടെ ഉയരുന്നുണ്ട്.

ഫോൺ : 9961217493

●●

# ക്രൈസ്തവ സ്ഥാപനങ്ങൾ പോലും കച്ചവടത്തിന്റെ ഭാഗമായി - മുഖ്യമന്ത്രി

കോഴിക്കോട്: സേവനമനസ്ഥിതിയോടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയ ക്രൈസ്തവ മാനേജ്മെന്റുകൾ പോലും വിദ്യാഭ്യാസകച്ചവടത്തിന്റെ ഭാഗമായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് വജ്രജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാർഥി പ്രവേശനത്തിനും അധ്യാപകനിയമനത്തിനും കോഴവാങ്ങുന്ന പ്രവണതയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നത് അപൂർവം മാനേജ്മെന്റുകൾ മാത്രമാണ്. അധ്യാപകനിയമനത്തിന് ലേലം വിളിയാണ്. ഏറ്റവും കൂടുതൽ കാശുനൽകുന്നയാൾക്ക് നിയമനം നൽകും.

വിദ്യാഭ്യാസമെന്നത് വിദ്യാർഥികളുടെ അവകാശമാണ്. അതിന് പണം വാങ്ങുന്നത് അഴിമതിയും. ഇതന്വേഷിച്ച് കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്ന് വിജിലൻസിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, ആരും പരാതി നൽകാൻ തയ്യാറാകുന്നില്ല. വിദ്യാർഥികളുടെ മികവാകണം പ്രവേശനത്തിനുള്ള യോഗ്യത, രക്ഷിതാക്കളുടെ പണക്കൊഴുപ്പാകരുത്. സ്വാശ്രയ സ്ഥാപനങ്ങൾ വന്നതോടെ അബ്കാരികൾ പോലും ലാഭക്കണ്ണോടെ കോളേജുകൾ തുടങ്ങി. ലാഭേച്ഛയില്ലാതെ, കഷ്ടനഷ്ടങ്ങൾ സഹിച്ച് തുടങ്ങിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ പലതും പിന്നീട് ഈ വഴിക്കുതിരിഞ്ഞു. വിദ്യാഭ്യാസത്തെ കച്ചവടമായി കാണുന്ന മാനേജ്മെന്റുകളും അർപ്പണമനോഭാവമില്ലാത്ത അധ്യാപകരുമാണ് ആശ്വാസ്യമല്ലാത്ത പ്രവണതസൾക്കു കാരണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(മാതൃഭൂമി ദിനപത്രം, 2017 ജനുവരി 18)

## പ്രതികരണം — ജോസഫ് പുലിക്കുന്നേൽ

ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ 1958 മുതൽ 1965 വരെ അധ്യാപകനായിരുന്ന ഒരാളാണ് ഞാൻ. അന്നൊന്നും അധ്യാപകരോടോ വിദ്യാർഥികളോടോ സംഭാവന വാങ്ങുന്ന ഒരു സമ്പ്രദായം ദേവഗിരികോളേജിൽ ഉണ്ടായിരുന്നില്ല.

2008-ൽ ദേവഗിരി കോളേജിലെ വിദ്യാർഥി യൂണിയനും പ്രിൻസിപ്പാളും ദേവഗിരി കോളേജിൽ പ്രസംഗിക്കുന്നതിനായി പൂർവ അധ്യാപകനായ എന്നെയും ക്ഷണിച്ചു. (ദേവഗിരി കോളേജിലെ എന്റെ അനുഭവങ്ങളെക്കുറിച്ച് 'പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ' എന്ന എന്റെ ആത്മകഥയിൽ - ഐ.ഐ.സി.എസ്. പ്രസിദ്ധീകരണം, ഇടമറ്റം - എഴുതിയിട്ടുണ്ട്. )

ഞാൻ അധ്യാപകനായി പ്രവേശിക്കുമ്പോൾ സേവന സന്നദ്ധരായ ഒരു പറ്റം കർമ്മലീത്താ വൈദികരായിരുന്നു ദേവഗിരി കോളേജിലെ മാനേജ്മെന്റ്. ഫാ. ഷാബോർ, മാനേജർ, ഫാ. തിയഡോഷ്യസ്, പ്രിൻസിപ്പാൾ, പിന്നീട് ഫാ. റിച്ചാർഡ്. അക്കാലത്ത് ദേവഗിരിയിൽ ഒരു എൽ. പി. സ്കൂളും ഹൈസ്കൂളും (സാവിയോ ഹൈസ്കൂൾ) നടത്തുന്നുണ്ടായിരുന്നു. അവിടെയൊന്നും അധ്യാപക നിയമനത്തിനോ വിദ്യാർഥി പ്രവേശനത്തിനോ പണം വാങ്ങിയിരുന്നില്ല.

2008-ൽ ഞാൻ ദേവഗിരി കോളേജ് സന്ദർശിക്കുമ്പോൾ കോളേജിന്റെ അന്തരീക്ഷം മുഴുവൻ മാറിയിരുന്നു. 2008-ൽ ദേവഗിരി കോളേജ് കോമ്പൗണ്ടിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. അവിടെ കിന്റർ ഗാർട്ടൻ സ്കൂൾ പ്രവേശനത്തിന് 3 ലക്ഷം രൂപ വരെ മാനേജ്മെന്റ് വാങ്ങിക്കുന്നതായി ചിലർ എന്നോടു പറഞ്ഞു. ഇത്രയും തുക കൊടുത്ത് അഡ്മിഷൻ വാങ്ങിയ ചിലരെ ഞാൻ കാണുകയും ചെയ്തു. അവിടംമുതലാണ് മാനേജ്മെന്റിന്റെ സമീപനത്തിൽ വന്ന മാറ്റം ഞാൻ കാണുന്നത്.

ഒരു ശരിയായ ക്രിസ്ത്യൻ സ്ഥാപനമായി തുടങ്ങിയ ദേവഗിരി ഈവിധത്തിൽ മാറിയത് മാനേജ്മെന്റിൽ ഉണ്ടായ മാറ്റത്തിലാണ്. നീതിയും സത്യവും ധർമ്മവും വിട്ട് മാനേജ്മെന്റ് ധാർഷ്ഠ്യത്തോടുകൂടി പെരുമാറാൻ തുടങ്ങിയപ്പോൾ അതിനു കടിഞ്ഞാണിടാൻ ക്രിസ്ത്യൻ സഭയ്ക്കോ സി.എം.ഐ സഭയ്ക്കോ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. ശ്രീ. പിണറായി പറയുന്നതുപോലെ ആദ്യം ത്യാഗമനോഭാവത്തോടെയും സേവനമനോഭാവത്തോടെയും സി.എം.ഐ സഭയിലെ ഒരു പറ്റം വൈദികർ ആരംഭിച്ച ഈ സ്ഥാപനം ഈ വിധത്തിൽ അധഃപതിച്ചതിന്റെ കാരണത്തെക്കുറിച്ച് സി.എം.ഐ സഭയും കത്തോലിക്കാ സഭയും ആഴമായി പഠിക്കേണ്ടതാണ്.

അഴിമതിക്കു നിയന്ത്രണങ്ങൾ ഉണ്ടാകുമ്പോൾ സമരം ചെയ്യാനല്ല ഒരുങ്ങേണ്ടത്. മറിച്ച് സമരത്തിനു കാരണമായ തെറ്റുകൾ തിരുത്താനാണ് സഭ തയ്യാറാകേണ്ടത്. ക്രിസ്ത്യൻ സമുദായത്തിന്റെ പിന്തുണ കാംക്ഷിച്ചുകൊണ്ടാണ് പല ക്രിസ്ത്യൻ സ്ഥാപനങ്ങളും വഴിതെറ്റുന്നത്. ഇതു മനസ്സിലാക്കി ക്രിസ്ത്യൻ സമുദായം സഭാധികാരത്തെ തെറ്റുതിരുത്തുന്നതിന് സഹായിക്കുകയോ അഴിമതിക്കു കൂട്ടു നിൽക്കാതിരിക്കുകയോ ചെയ്യേണ്ടതാണ്. സഭാധികാരം എന്തു തെറ്റുചെയ്താലും അതിനെ ന്യായീകരിക്കുന്നത് സമുദായ സ്നേഹമാണെന്നു കരുതാതിരിക്കാൻ സമുദായത്തിന് കഴിയണം. വളരെ ശക്തമായ സഭകളാണ് ഇന്ന് വിദ്യാഭ്യാസ രംഗത്തിറങ്ങിയിരിക്കുന്നത്. അവരെ തിരുത്തേണ്ടത് സഭാംഗങ്ങളാണ്. ഗവൺമെന്റിന്റെ കർത്തവ്യം നിറവേറ്റാൻ സഭാ സമുദായം സഹായിക്കണം.

□□

# നയങ്ങളിൽ അതൃപ്തി

## സർക്കാരുമായി ഏറ്റുമുട്ടലിന് നിൽക്കാതെ സഭ

ഇടതുസർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളിൽ ക്രൈസ്തവ സഭകൾക്ക് അതൃപ്തി.

കൊച്ചിയിൽ ചേർന്ന ഇന്റർ ചർച്ച് കൗൺസിൽ യോഗത്തിൽ ഇടതുസർക്കാർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന നയങ്ങൾക്കെതിരെ ശക്തമായ വിമർശനമുയർന്നു. എന്നാൽ അതിന്റെ പേരിൽ ഏറ്റുമുട്ടലിനില്ലെന്ന സൂചനയാണ് സഭാ നേതാക്കൾ തരുന്നത്.

ക്രിസ്ത്യൻ മാനേജ്മെന്റുകളും വിദ്യാഭ്യാസ കച്ചവടക്കാരായെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിട്ടും, അതിനെതിരെ പരസ്യമായി പ്രതികരിക്കാൻ സഭാ നേതൃത്വം തയ്യാറായില്ല. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സ്വാശ്രയ കോളേജുകൾക്കെതിരെ പൊതുവായി നടക്കുന്ന നീക്കങ്ങളെ ക്രൈസ്തവ സമൂഹം അംഗീകരിക്കുന്നില്ല. തെറ്റ് ചെയ്തവരെ ശിക്ഷിക്കുകയല്ലാതെ. അതിന്റെ പേരിൽ എല്ലാവരേയും ശിക്ഷിക്കുന്നത് ശരിയല്ലെന്ന നിലപാടാണ് സഭ സർക്കാരിനുമുന്നിൽ വയ്ക്കുന്നത്.

സ്വാശ്രയ മേഖലയിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് സംവാദത്തിലൂടെ പരിഹരിക്കണം. മാനേജ്മെന്റുകളെ വിശ്വാസത്തിലെടുക്കാനും പരിഗണിക്കാനും സർക്കാർ മുതിരണമെന്നാണ് സഭ പ്രശ്നപരിഹാരമായി മുന്നോട്ടുവയ്ക്കുന്നത്. അതേസമയം. തെറ്റായ പ്രവർത്തനങ്ങൾ നടത്തുന്നവരെ ശിക്ഷിക്കണമെന്നു പറയാനും സഭ ഒരുക്കമല്ല. അതുപറയേണ്ടത് തങ്ങളല്ലെന്നാണ് ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറയുന്നത്. നിയമം ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ ഇവിടെ സംവിധാനങ്ങളുണ്ട്. അതേക്കുറിച്ച് തങ്ങൾ അഭിപ്രായം പറയേണ്ടതില്ലെന്നും അദ്ദേഹം പറയുന്നു.

സ്വാശ്രയ-എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാത്തതിലും മുൻ വർഷങ്ങളിൽ അനുവദിച്ച കോഴ്സുകൾക്ക് അധ്യാപകരെ നിയമിക്കാനുള്ള നടപടികൾ വൈകുന്നതിലുമെല്ലാം സഭയ്ക്കുള്ള അതൃപ്തിയും ഇന്റർ ചർച്ച് കൗൺസിൽ അറിയിക്കുന്നുണ്ട്.

(മാതൃഭൂമി 2017 ജനുവരി 18).

●●

# കണ്ണുതുറപ്പിക്കാനും മോചിപ്പിക്കാനും

## ഫാ. ഡേവിസ് കാച്ചപ്പിള്ളി സി.എം.ഐ

കേരള കത്തോലിക്കാസഭയെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവീകരണ ചിന്താധാരകളിലൂടെ നവീകരിക്കുകയെന്ന ലക്ഷ്യം "ഓശാന" മാസികയ്ക്കുണ്ടായിരുന്നു. ഓശാനയുടെ പ്രവാചക ദൗത്യം പിൻതുടർന്നുകൊണ്ടാണിപ്പോൾ ''സത്യജ്വാല" രംഗത്തിറങ്ങിയിരിക്കുന്നത്. എങ്കിലും സഭാ നേതൃത്വം ഇവയൊന്നും ചെവിതുറന്ന് കേൾക്കുന്നില്ല, കണ്ണുതുറന്ന് കാണുന്നില്ല, പ്രവാചക വിമർശനം സ്വീകരിക്കുന്നുമില്ല, നവംബർ മാസത്തെ സത്യജ്വാലയിൽ സഭയിൽ തിരുത്തപ്പെടേണ്ട എന്തെല്ലാം പ്രശ്നങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത്! ഇത്തരം കാര്യങ്ങൾ എത്രയോ മുമ്പേ പ്രവാചകശബ്ദത്തോടെ ''ഓശാന" അവതരിപ്പിച്ചിരിക്കുന്നു! എന്തുഫലം! ഓശാനയുടെ ഭാഷയിൽ "ആനപ്പുറത്തിരിക്കുന്നവർ ആരെ ഭയപ്പെടണം? ആരെയൊക്കെ ഭയപ്പെട്ടില്ലേലും ''ദൈവത്തെ ഭയപ്പെടണം" എന്നത് ആർക്കെങ്കിലും മറക്കാനാകുമോ? നിഷേധിക്കാനാകുമോ? ദൈവത്തെയും മറക്കുന്നു എന്നതാണ് ഓശാനയുടെയും സത്യജ്വാലയുടെയും വിമർശനങ്ങൾ "ചേമ്പിലയിലെ വെള്ളത്തുള്ളികൾ"പോലെ സഭയെ സ്പർശിക്കാതിരിക്കുന്നത് എന്നുവേണം കരുതാൻ. അതിന്റെ കാരണം ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടിയല്ലോ: "പണവും അധികാരവുമാണ് സഭാമക്കളെ ദൈവത്തിൽനിന്നകറ്റുന്നത്." സാത്താന്റെ വലിയ പ്രലോഭന മാർഗങ്ങളാണല്ലോ പണവും അധികാരവും. അത് സഭയിൽ സമൃദ്ധമാണ്താനും!

ഈ സത്യം അതിന്റെ തികവിൽ ഗ്രഹിച്ചതുകൊണ്ടാണല്ലോ മുൻ മേജർ ആർച്ച് ബിഷപ്പ് വർക്കി വിതയത്തിൽ ഇപ്രകാരം പ്രവചിച്ചത്: "സീറോ മലബാർ സഭയെ സാത്താൻ ബാധിച്ചിരിക്കുന്നു". ധാരാളം ബൈബിൾ പണ്ഡിതരും ദൈവശാസ്ത്രജ്ഞന്മാരും ഉള്ള സീറോ മലബാർ സഭയ്ക്ക്, സാത്താൻ ലോകത്ത് ഉണ്ടെന്നും, എല്ലാതിന്മകളും സാത്താന്റെ നിഗൂഢമായ പ്രവർത്തന, പ്രലോഭന ഫലങ്ങളാണെന്നും വിശ്വസിക്കാനാകുമെങ്കിൽ, സാത്താനെ പ്രതിരോധിക്കാനുള്ള മാർഗമുണ്ടോ എന്നന്വേഷിക്കാനാകണം. അതാണ് നാനാവിധ തിന്മകളിൽനിന്ന് സഭയെ വിമോചിപ്പിക്കാനുള്ള മാർഗം. വ്യക്തികളിലും കുടുംബത്തിലും സഭയിലും തിന്മകളുണ്ടാക്കുന്ന സാത്താന്റെ പ്രവർത്തനങ്ങളെ തിരസ്കരിച്ച് നന്മയിൽ വളരണമെങ്കിൽ, യേശുവിൽ പുതിയ സൃഷ്ടിയാകണമെങ്കിൽ വിശ്വാസികൾ പഠിക്കേണ്ടതും അനുഷ്ഠിക്കേണ്ടതുമായ വളരെ ലളിതവും അത്ഭുതാവഹവുമായ മാർഗം 1992-ലെ മതബോധന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ടല്ലോ. അതാണ് ''വ്യക്തിഗത നിരന്തര പ്രാർഥനാ ജീവിതം" (C.C.C. 2742- 45). നിരന്തരം കർത്താവും ദൈവ

വുമായ ഈശോയെ അനുഗമിക്കുക എന്നതാണ് നിരന്തര പ്രാർഥനാ ജീവിതം എന്നതുകൊണ്ട് തിരുസഭ അർത്ഥമാക്കുന്നത്. അതിന്റെ ഫലമോ? അത്ഭുതാവഹം! അത് ഈശോ വളരെ വ്യക്തമായി അരുളി ച്ചെയ്തല്ലോ: "എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും പാപാന്ധകാര ത്തിൽ നടക്കുകയില്ല" (യോഹ. 8 : 12) ഇതുതന്നെയാണ് മതബോധന ഗ്രന്ഥവും സമർഥിക്കുന്നത്. "തീക്ഷ്ണമായി പ്രാർഥിക്കുകയും നിരന്തരം ദൈവത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നവൻ പാപത്തിൽ പതിക്കുക അസാധ്യമാണ്" (No. 2744).

'ക്രിസ്ത്യാനി' എന്ന വാക്കിന്റെ അർഥം "ക്രിസ്തുവിനെ" അനുഗ മിക്കുന്നവൻ എന്നാണല്ലോ. കൂടെ നടക്കുന്ന ഏതു വ്യക്തികളും പര സ്പരം സംഭാഷിച്ചും, സഹായിച്ചും കഴിയുന്നതുപോലെതന്നെയാണ് ക്രിസ്ത്യാനിയും, അവന്റെ കൂടെ എപ്പോഴും ജീവിക്കുന്ന ഉത്ഥാനം ചെയ്ത യേശുവിന്റെ സാന്നിധ്യം ( മത്താ. 28 : 20) വിശ്വാസത്തിലൂടെ ഉറപ്പാക്കി, യേശുവിനോട് നിരന്തരം സംഭാഷിച്ച് (പ്രാർഥന, സ്തുതി, ആരാധന, കൃതജ്ഞത) ജീവിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി യെന്നും, അവന് യേശുവിന്റെ ശക്തിയും ജ്ഞാനവും സംരക്ഷണവും (സങ്കീർത്തനം 91) നിരന്തരം ലഭിക്കുമെന്നും, തന്മൂലം അവനെ സാത്താന് കീഴ്പ്പെടുത്താനാകാത്തവിധം, സർവശക്തനായ കർത്താവ് സംരക്ഷി ക്കുമെന്നും, തന്മൂലം അവന് അവന്റെ മാനുഷിക കഴിവുകൾക്ക് അതീ തമായ നന്മകൾ അത്ഭുതകരമായി ചെയ്യാനാകുമെന്നുമാണ് മേല്പറഞ്ഞ പ്രബോധനം അടിവരയിട്ട് സമർഥിക്കുന്നത് (No. 2743-44). എന്നാൽ ഈ മഹനീയ പ്രബോധനം എത്ര പേർ ശ്രദ്ധിച്ചുകാണും? ഇത് പഠിക്കു കയോ, അഭ്യസിക്കുകയോ, പഠിപ്പിക്കുകയോ ചെയ്തിട്ടുള്ള എത്രസഭാ ശ്രേഷ്ഠർ സഭയിലുണ്ടാകും? മെത്രാന്മാരുടെ ഏതെങ്കിലും വിജ്ഞാപ നത്തിൽ ഇത് പ്രതിപാദിച്ചിട്ടുണ്ടോ? മതപഠനപാഠാവലിയിൽ ഈ പ്രബോ ധനം അതിന്റെ വിശദാംശങ്ങളോടെ ഉൾപ്പെടുത്തി കുട്ടികളെ പ്രബുദ്ധ രാക്കിയിട്ടുണ്ടോ? ഇല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, ഈ പ്രബോധനം പഠിപ്പിക്കുന്ന ഞാൻ ഇതെപ്പറ്റി ആർക്കെങ്കിലും അറി വുണ്ടോ എന്ന് ചോദിക്കുമ്പോഴൊക്കെ "ഇല്ല" എന്ന ഉത്തരമാണ് ലഭി ക്കുന്നത്. അടിമുതൽ മുടിവരെ സഭ ഇക്കാര്യത്തിൽ അജ്ഞരായതുകൊ ണ്ടുതന്നെയാണ് സാത്താൻ സഭയുടെ മേൽ ആധിപത്യം സ്ഥാപിച്ചിരി ക്കുന്നതും, തിന്മകൾ വർദ്ധിച്ച് പെരുകുന്നതും.

കേരളസഭയിൽ സമൂഹപ്രാർഥനകളായ ദേവാലയ കർമങ്ങൾക്കോ, ധ്യാനപ്രഭാഷണങ്ങൾക്കോ, നൊവേനകൾക്കോ യാതൊരു കുറവും ഇല്ലെന്നു മാത്രമല്ല, അവ വർദ്ധിപ്പിച്ചുകൊണ്ടിരിക്കയാണ്. ഇവയൊക്കെ എത്ര വർദ്ധിപ്പിച്ചാലും, ഇടവിടാതെ, നിരന്തരം ദൈവവുമായി വ്യക്തിപ രമായ പ്രാർഥനയിലൂടെ ബന്ധപ്പെടാൻ അഭ്യസിക്കാത്തിടത്തോളംകാലം, ഇടവേളകളിലൂടെ സാത്താന്റെ നുഴഞ്ഞു കയറ്റത്താൽ തിന്മകൾ ചെയ്യാ

നിടയാകും, അതിനുള്ള ആകർഷണീയ മാർഗങ്ങൾ സാത്താൻ തുറന്നിടും എന്ന വിശ്വാസ സത്യമാണ് "നിരന്തര പ്രാർഥനാജീവിതം" എന്ന പ്രബോധനത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനമായി മതബോധന ഗ്രന്ഥം തുറന്നുകാട്ടിയിരിക്കുന്നത്.

കേരളസഭ നാനാവിധ തിന്മകളിലൂടെ ദൈവസ്നേഹത്തിൽനിന്ന കന്ന്, അധഃപതിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ പ്രകടമായ തെളിവുകളാണ് സത്യജ്വാല സഭയ്ക്കുമുമ്പാകെ വരച്ചുകാട്ടുന്നത്. ഇത് അവഗണിക്കാനിടയാകുന്നെങ്കിൽ അതുതന്നെയാണ് സഭയ്ക്കെതിരായ സാത്താന്റെ ഏറ്റവും വലിയ നിഗൂഢതന്ത്രം! അതുകൊണ്ടാണല്ലോ സഭയെ നേർവഴിക്ക് നയിക്കാനായി ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം പ്രസ്താവിച്ചത്: സഭയ്ക്കാവശ്യം സ്തുതിപാടകരെയല്ല വിമർശകരെയാണ്."

അതുകൊണ്ട് സഭാനേതൃത്വത്തോടുള്ള എന്റെ എളിയ അപേക്ഷ, തിന്മകളെ പ്രതിരോധിക്കാനുള്ള "വ്യക്തിഗത നിരന്തര പ്രാർഥനാജീവിതം" എന്ന പ്രബോധനം സഭാശ്രേഷ്ഠർ ആദ്യം പഠിക്കണം, അഭ്യസിക്കണം; അതോടൊപ്പം അത് വിശ്വാസികളെ പഠിപ്പിക്കണം. സമൂഹപ്രാർഥനകൾ വർദ്ധിപ്പിച്ച് സംതൃപ്തിയടയാനുള്ള ത്വരയിൽനിന്നകന്ന്, വ്യക്തിപരമായ പ്രാർഥനയിലൂടെ, നിരന്തരം ദൈവബന്ധത്തിൽ ജീവിക്കാനാകട്ടെ സഭയുടെ നീക്കങ്ങൾ. ഗാഢമായ നിരന്തര വ്യക്തിബന്ധം ദൈവത്തോടുണ്ടായാൽ എല്ലാവരും ഉത്തമക്രിസ്ത്യാനികളാകും. അവൻ മെത്രാനോ, വൈദികനോ, സന്യാസിയോ അൽമായനോ ആരുമാകട്ടെ, അവൻ പൂർണമായ അർഥത്തിൽ ക്രിസ്തുവിനെ അനുഗമിക്കുന്നവനാകട്ടെ. ഈ നവീകരണ മുന്നേറ്റം സഭയിൽ ശക്തമാക്കിയാൽ വിമർശനങ്ങളെല്ലാം കെട്ടടങ്ങും. ചുരുക്കത്തിൽ തിന്മകൾ, അപഭ്രംശങ്ങൾ, ഇല്ലാതാകും. സഭ നന്മകളിൽ പുഷ്പിക്കും, നന്മയുടെ ഫലങ്ങൾ സമൃദ്ധമായി വിളയിക്കും. നിരന്തര പ്രാർഥനാജീവിതത്തിന്റെ സ്പഷ്ടമായ ഉദാഹരണമാണല്ലോ മുന്തിരിച്ചെടിയുടേയും ശാഖകളുടേയും ഉപമ (യോഹ.15). ഇതുപോലെ ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുള്ള ജീവിതം നയിക്കുന്നവനാണ് നിരന്തര പ്രാർഥനാജീവിതം നയിക്കുന്ന ക്രിസ്ത്യാനി. അതുകൊണ്ട് ഇപ്പോഴത്തെ തിന്മകളിൽ നിരാശരാകാതെ, പ്രതീക്ഷയോടെ, മേല്പറഞ്ഞ സഭാ പ്രബോധനം പഠിച്ച്, അഭ്യസിച്ച്, നമുക്ക് സഭയെ സാത്താന്റെ ബാധകളിൽനിന്ന് മോചിപ്പിച്ച് ക്രിസ്തുവിൽ പുതിയ സൃഷ്ടികളാക്കാം. ഇക്കാര്യസാധ്യത്തിനായി എല്ലാവരും തീക്ഷ്ണമായി പരിശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്യട്ടെ. ''നിരന്തര പ്രാർഥനയിലൂടെ അസാധ്യതകളെ സാധ്യതകളാക്കാമെന്നും സഭ നൽകുന്ന ഉറപ്പ് (No. 2744) സഭയിൽ നിറവേറട്ടെ.

□□

# കാൽവിൻ ചർച്ച് ഓഫ് ഹോളൻഡ്!

## ഒരു പുരോഹിതന്റെ ഊമക്കത്തിലെ ആരോപണം

**ജയിംസ് ഐസക്**

പരിചയമുള്ള കൈയക്ഷരത്തിൽ ഇംഗ്ലീഷിലുള്ള ഒരു കത്ത്. കത്തെഴുതുന്നതിൽ പാലിക്കാറുള്ള സാമാന്യ മര്യാദയൊന്നും കാണാഞ്ഞതിൽ അത്ഭുതം തോന്നി. എഴുതിയ വ്യക്തി അറിയപ്പെടുന്ന പുരോഹിതനായതിനാൽ ഇക്കാലത്തെ ചില രൂപതാ വൈദികർ ഇങ്ങനെയാണെന്ന് ആശ്വസിച്ചു. മി. ജയിംസ് എന്നാണ് സംബോധന. മുമ്പു ലഭിച്ചിരുന്ന കത്തുകളിൽ ഓശാന ലേഖകൻ, സഭാവിമർശകൻ എന്നിങ്ങനെയുള്ള സംബോധനകളായിരുന്നു. ഇപ്രാവശ്യം കത്തു മുഴുവൻ ഇംഗ്ലീഷിലാണ്. ആദ്യ വാചകം ഇങ്ങനെ.

It is after long observation and careful study that we come to the conclusion that you have a double personality. You write articles and collect remuneration from CALVIN CHURCH OF Holland through the magazine Hosana. Your deep rooted veneration to Hosana shows your obligation.

കുറ്റാരോപണമാണെങ്കിലും ഇതു ഒരു അഭിനന്ദനമായിട്ടാണു തോന്നിയത്.. പച്ചക്കള്ളം പറയുന്നതിനു അച്ചന്മാർക്ക് ഒരു മടിയുമില്ല എന്ന സത്യം തെളിയുന്നു. മറ്റേതോ ഒരു വൈദികനെകൂടി കൂട്ടുപിടിച്ചു കൊണ്ടാണു കത്ത് എഴുതിയിരിക്കുന്നത്. കാൽവിൻ ചർച്ച് ഓഫ് ഹോളൻഡിനെക്കുറിച്ചു ഈ വൈദികനിൽ നിന്നു അൽപം കൂടി കേൾക്കാൻ ആഗ്രഹമുണ്ട്. ശ്രീ. ജോസഫ് പുലിക്കുന്നേൽ ഈ കാര്യത്തിൽ സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

തുടർന്നുള്ള കത്തിൽ എന്നെക്കുറിച്ചു മറ്റൊരു അപവാദം കാണുന്നു. ഞാൻ ഓശാനവഴി സഭയെ ദ്രോഹിച്ചതിനു ശേഷം ഞായറാഴ്ച വന്നു ഇടവകയിൽ സ്ഥാനമാനങ്ങൾക്കുവേണ്ടി ശ്രമിക്കുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റി സെക്രട്ടറി സ്ഥാനത്തിരുന്നു വിദേശത്തു നിന്നു പണം വരുത്തി വൗച്ചറും മിനിറ്റ്സും ഒന്നുമില്ലാതെ സ്വന്തമാക്കുന്നു. ഈ വൈദികൻ ഇടവകകളിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? സെൻട്രൽ കൗൺസിൽ അംഗീകരിക്കുന്ന പ്രോജക്ട് റിപ്പോർട്ടു പ്രകാരം വിദേശങ്ങളിലെ ചില കോൺഫ്രൻസുകൾ അയയ്ക്കുന്ന സഹായധനം എപ്രകാരം ചെലവഴിക്കുന്നുവെന്ന് സെൻട്രൽ കൗൺസിലും നാഷണൽ കൗൺസിലും വ്യക്തമായ ഓഡിറ്റിംഗ് നടത്തി അന്വേഷിക്കാറുണ്ട്. സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ ചെളിവാരിയെറിയുന്ന പ്രസ്താവന

നടത്തിയ ഈ വൈദികനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടതാണ്. ഇടവകയിലെ നേർച്ച വരവു വെട്ടിച്ചെടുക്കുന്ന ചില പുരോഹിതർ വിൻസെന്റ് ഡി.പോൾ സൊസൈറ്റിയുടെ പ്രവർത്തനവും അപ്രകാരമെന്നു ധരിച്ചുപോയി എന്നു മാത്രം ഇവിടെ വ്യക്തമാക്കുന്നു.

ഫാ. വട്ടായിൽ, ഫാ. പാംബ്ലാനി എന്നീ വൈദികരുടെ ധ്യാനം കൂട ണമെന്ന ഉപദേശത്തോടെയാണു കത്ത് അവസാനിക്കുന്നത്. എനിക്കു വേണ്ടി പ്രാർഥിക്കുന്നുവെന്നും എഴുതിയിട്ടുണ്ട്. ഈ വൈദികൻ എന്റെ ഇടവകയിലായിരുന്നപ്പോൾ 3 കോടി രൂപാ ഇടവകയ്ക്കു കടബാദ്ധ്യത ഉണ്ടാക്കി ഒരു സി.ബി.എസ്. ഇ. സ്കൂൾ തുടങ്ങി. അതു ഇടവകയ്ക്കു നന്നായി എന്ന് എടുത്ത് പറഞ്ഞിരിക്കുന്നു. കത്തോലിക്കാ അന്തരീക്ഷം സ്ഥാപിക്കാൻവേണ്ടി പ്രത്യേകം തുടങ്ങിയ സ്കൂളിൽ പകുതി അധ്യാ പകരും അക്രൈസ്തവരാണ്. ഇടവകയുടെ ഒരു പാരിഷ്ഹാൾ സ്കൂളി നുവേണ്ടി തട്ടിയെടുത്തു. വികാരിയെ ആരാധിക്കുന്ന കുറെ വിവരമില്ലാ ത്തവർ ഉണ്ടായിരുന്നതുകൊണ്ട് അപ്രകാരം ഒക്കെ സംഭവിച്ചു.

ഒരു കാര്യം സത്യമാണ്. ഇതുപോലെ അഹങ്കാരവും അജ്ഞതയും പ്രകടിപ്പിക്കുന്ന ഏതാനും ചില പുരോഹിതർമൂലം ഇന്നു കേരള കത്തോ ലിക്കാ സഭ അപമാനഭാരം ചുമക്കേണ്ടിവരുന്നു. സന്താനഭാഗ്യം ലഭി ക്കാൻ 6000 രൂപാ മുടക്കി മാതാവിനു കറിനേർച്ച നടത്തുവാൻ ഉപദേശി ക്കുന്ന വികാരിമാർ ഇന്നു കേരളത്തിൽ കത്തോലിക്കാ സഭയിൽ മാത്രമേ കാണുകയുള്ളൂ. രക്ഷ പ്രാപിക്കുവാൻ ക്രിസ്തുവിലുള്ള വിശ്വാസം മാത്രം മതിയെങ്കിൽ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന കത്തോലിക്കാ സഭയിൽതന്നെ തുടരേണ്ടതുണ്ടോ എന്നു സഭാംഗങ്ങൾ ചോദിച്ചാൽ എന്തു മറുപടി നൽകണം?

Ph: 9847126316

## മറുപടി — ജോസഫ് പുലിക്കുന്നേൽ

ശ്രീ. ജയിംസ് ഐസക്കിനെതിരെ എഴുതിയ ആരോപണം തികച്ചും അസത്യമാണ്. എനിക്ക് ഹോളണ്ടിലെ ഒരു ചർച്ചുമായും യാതൊരു ബന്ധ വുമില്ല.

ഹോളണ്ടിൽ ചില സുഹൃത്തുക്കൾ എനിക്കുണ്ടെന്നുള്ളത് സത്യ മാണ്. അവർ In de Rechte Straat എന്ന ഒരു സംഘടനയിലൂടെ ബൈബിൾ വിവർത്തനത്തിനും ഓശാനമൗണ്ട് ലൈബ്രറിയ്ക്കും പണം തന്നു സഹായിച്ചിട്ടുണ്ട്. അതുപോലെതന്നെ ഓശാനമൗണ്ടിൽ നടന്നു പോരുന്ന പാലിയേറ്റീവ് കെയർ ശുശ്രൂഷയ്ക്കും അവർ സഹായിച്ചിരുന്നു. ഇതല്ലാതെ ഹോളണ്ടിൽനിന്നും പണം വാങ്ങി ഓശാനയിൽ എഴുതിയ ലേഖനങ്ങൾക്ക് പ്രതിഫലമായി ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ല. ഓശാനയിൽഎഴുതുന്ന ലേഖനങ്ങൾക്കൊന്നും പ്രതിഫലം ഞാൻ കൊടു ക്കാറില്ല.

# ജസ്റ്റിസ് കെ.ടി.തോമസിന്റെ പ്രസക്തമായ വാക്കുകൾ

**എ. ജോൺസൺറോച്ച്**

മെഡിക്കൽ പ്രവേശനം സംബന്ധിച്ച് മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുടെ വാദം ശ്രദ്ധിക്കുമ്പോൾ യശഃശരീരനായ പ്രശസ്ത എഴുത്തുകാരൻ ഡോ. സുകുമാർ അഴീക്കോടിന്റെ ജന്മദിനമായ മേയ് 6-ാം തീയതി സുകുമാർ അഴീക്കോട് ട്രസ്റ്റ് ഈ വർഷം തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ സംഘടിപ്പിച്ച പ്രഭാഷണത്തിൽ ജസ്റ്റിസ് കെ.ടി. തോമസ് പറഞ്ഞ വാക്കുകളാണ് എന്റെ സ്മൃതിപഥത്തിൽ വരുന്നത്.

"മതഭൂരിപക്ഷമെന്നും മതന്യൂനപക്ഷമെന്നുമുള്ള ഒരു ജനതയെ ഭരണഘടന അംഗീകരിക്കുന്നില്ല. മതന്യൂനപക്ഷങ്ങൾക്ക് ചില പ്രത്യേക അവകാശങ്ങൾ ഉണ്ടെന്ന് വാദിച്ചു കൊണ്ടിരിക്കുന്നതിലും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിലും ഒരു സാംഗത്യവുമില്ല". മതന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശം ഭരണഘടന ഉറപ്പുനൽകുന്നില്ലെന്ന ജസ്റ്റിസ് കെ. ടി. തോമസിന്റെ അഭിപ്രായപ്രകടനം ഇന്നലെവരെയുള്ള ക്രിസ്ത്യൻ - മുസ്ലീം മതന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള വിലപേശലുകളെ ചോദ്യം ചെയ്യുകയും രാഷ്ട്രീയ പാർട്ടികളുടെ മതന്യൂനപക്ഷവാദം വോട്ടുബാങ്കിൽ കണ്ണുവച്ചുള്ള ഒരു കപടതന്ത്രം മാത്രമാണെന്നു വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിലെ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കു മാത്രമായി ഒരു പ്രത്യേക അവകാശം നമ്മുടെ ഭരണഘടന വാഗ്ദാനം ചെയ്യുന്നില്ലെന്നും, എല്ലാ പൗരന്മാർക്കും സ്വത്തിനും മൗലിക അവകാശങ്ങൾക്കും അവസരതുല്യതയ്ക്കും ഒരേ പ്രാധാന്യമാണ് നൽകുന്നതെന്നുമാണ് ജസ്റ്റിസ് കെ.ടി.തോമസ് വ്യക്തമാക്കിയത്.

ഇതിന്റെ അടിസ്ഥാനത്തിൽ ഒരു മതവിഭാഗവും അവരുടെ മതത്തിന്റെ പേരിൽ അന്യവൽക്കരിക്കപ്പെടുകയോ അതിക്രമിക്കപ്പെടുകയോ ചെയ്യാൻ പാടില്ല. മതത്തിന്റെ പേരിൽ ഭൂരിപക്ഷ മേൽക്കോയ്മയും ഇന്ത്യൻ ഭരണഘടന അനുവദിച്ചു നൽകുന്നില്ല. അതായത് മതത്തിന്റെ പേരിൽ ന്യൂനപക്ഷ-ഭൂരിപക്ഷ പദവിയോ മേൽക്കോയ്മയോ ആർക്കും നമ്മുടെ ഭരണഘടന ചാർത്തി നൽകിയിട്ടില്ല. എല്ലാ പൗരന്മാർക്കും തുല്യപ്രാധാന്യം നൽകുന്നതോടൊപ്പം മതത്തിന്റെ പേരിൽ ആരും വിവേചനം അനുഭവിക്കാൻ പാടില്ലെന്നും നമ്മുടെ ഭരണഘടന നിഷ്കർഷിക്കുന്നു. മതത്തിന്റെ പേരിൽ ഇന്ത്യയിൽ ഏതെങ്കിലുമൊരു മതവിഭാഗം അടിച്ചമർത്തപ്പെടുന്നുണ്ടെങ്കിൽ അവർക്ക് സംരക്ഷണം നൽകേണ്ടതുണ്ട്. ആ സംരക്ഷണത്തെ

പ്രത്യേക അവകാശമായി വ്യാഖ്യാനിക്കുകയും വാദിക്കുകയും ചെയ്യാൻ പാടില്ല. ന്യൂനപക്ഷമത അവകാശവാദം നിലനിൽക്കുമ്പോൾ തന്നെ സംവരണ അവകാശം നിലനിൽക്കുന്നുണ്ട്. ഇവ രണ്ടും രണ്ടാണ്. രണ്ടായിത്തന്നെ കാണുകയും വേണം. ഒരു കാലഘട്ടത്തിൽ ഇന്ത്യയിലെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക ഭരണരംഗങ്ങളിൽനിന്നും മാറ്റി നിർത്തപ്പെട്ടവരെ മുഖ്യധാരയിലേക്ക് ഇനിയും കൊണ്ടുവരാനായി സംവ രണാവകാശം ഇനിയും കുറച്ചുനാൾ കൂടി നിലനിറുത്തി പോരേണ്ടതുണ്ട്. അത് മതത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടേണ്ടതുമില്ല. സംവ രണ വിഭാഗത്തിൽപ്പെട്ടവരിൽ ഒരു ന്യൂനപക്ഷം മാത്ര മാണ് സംവര ണാനുകൂല്യങ്ങൾ നേടി സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിൽ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്നത്. സംവരണാർഹരിൽ വലിയൊരു വിഭാഗം സംവരണാനുകൂല്യങ്ങൾ നേടാൻ പ്രാപ്തി നേടുന്നുമില്ല. ഇത്തരുണ ത്തിൽ വരുംകാലത്ത് ഭൂരിപക്ഷ-ന്യൂനപക്ഷ അവകാശങ്ങളുടെ വേർതി രിവ് സമ്പന്നനും ദരിദ്രനും എന്ന നിലയിൽ മാറ്റേണ്ടതുണ്ട്. അങ്ങനെ മാറ്റപ്പെടുമ്പോൾ ഭൂരിപക്ഷമായ ദരിദ്രരുടെ ഉന്നമനത്തിനായി അവകാശ സംരക്ഷണം നടപ്പാക്കേണ്ടിവരും.

ഭൂരിപക്ഷമതവിഭാഗമെന്നും ന്യൂനപക്ഷമതവിഭാഗമെന്നും രണ്ടു വിഭാഗം ജനതയെ ഭരണഘടന അംഗീകരിക്കുന്നില്ലെന്ന് ജസ്റ്റിസ് കെ. ടി. തോമസ് നമ്മെ ഓർമ്മപ്പെടുത്തുമ്പോൾ ന്യൂനപക്ഷ സംരക്ഷണത്തെ ക്കുറിച്ച് ഭരണഘടനയിലെ 29-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് എന്താണെന്നും അദ്ദേഹം വ്യക്തമാക്കി. ഭാഷ, ലിപി, സംസ്കാരം എന്നീ അവസ്ഥകളിൽപ്പെട്ട ഏതു വിഭാഗത്തിൽപ്പെട്ടവരായിരുന്നാലും അവരുടെ പ്രത്യേകതകൾ സംരക്ഷിക്കാനുള്ള അവകാശം ഉണ്ടായിരിക്കുമെന്ന് മാത്ര മാണ് ന്യൂനപക്ഷ സംരക്ഷണമെന്ന 29-ാം അനുച്ഛേദം വ്യക്തമാക്കുന്നത്. ഇപ്പറഞ്ഞതിൽ മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷത്തെ ചൂണ്ടിക്കാണിച്ചിട്ടില്ലെങ്കിലും ക്രിസ്ത്യൻ - മുസ്ലീം മതവിഭാഗങ്ങൾ 29-ാം അനുച്ഛേദം തങ്ങളെ ഉദ്ദേശിച്ചാണ് പറയുന്നതെന്ന് വാദിച്ചും, പ്രചരിപ്പിച്ചും ഉറപ്പിച്ചെടുക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഭരണഘടനയിൽ 29-ാം അനുച്ഛേദത്തിൽ മാത്രമാണ് ന്യൂനപക്ഷത്തെ പരാമർശിച്ചിരിക്കുന്നതെന്നും അത് മതാടിസ്ഥാനത്തിൽ അല്ലെന്നും ജസ്റ്റിസ് കെ ടി തോമസ് പറയുന്നു.

എന്നാൽ 30-ാം അനുച്ഛേദത്തിൽ ഭൂരിപക്ഷത്തോടൊപ്പം ന്യൂനപ ക്ഷങ്ങൾക്കും മതത്തിന്റെ അടിസ്ഥാനത്തിൽ സർവസ്വതന്ത്രമായി വിദ്യ ഭ്യാസ സ്ഥാപനങ്ങൾ നടത്താമെന്ന് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം വ്യക്ത മാക്കി. എന്നാലിത് വിദ്യഭ്യാസ വ്യവസായം നടത്താനുള്ള അവകാശ മല്ല. ഈ അവകാശത്തിന്റെ അടിസസ്ഥാനത്തിലുള്ള വിദ്യാഭ്യാസനയം സാമൂഹിക നീതിയിൽ അധിഷ്ഠിതമായിരിക്കണമെന്നും പൊതു സമാ ധാനത്തിനും പൊതു ധാർമ്മികതയ്ക്കും പൊതുജനാരോഗ്യത്തിനും വിധേയമായിരിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഈ ഓർമ്മപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം നടത്താനുള്ള മാനേജ്മെന്റുകളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് മാനേജ്മെന്റ് ക്വാട്ടയിലും. കമ്മ്യൂണിറ്റി ക്വാട്ടയിലും കൂടി നീററ് പട്ടികയിൽനിന്നും സർക്കാർ പ്രവേശനം നൽകുന്നതിനെ അനുകൂലിക്കുകയാണ് വേണ്ടിയിരുന്നത്. അതു ചെയ്യാതെ 30-ാം അനുച്ഛേദത്തിന്റെ പിൻബലത്തിൽ അനുകൂല കോടതിവിധി നേടിയെടുക്കുകയാണ് ഉണ്ടായത്. കരാർ പ്രകാരമുള്ള ഫീസും മറ്റിനങ്ങളും ഈടാക്കുന്നതിന് സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ പ്രവേശനം തടസ്സം സൃഷ്ടിക്കുന്നില്ല.

എന്നിട്ടും മെഡിക്കൽ കോളേജ് മാനേജ്മെന്റ് നിയമയുദ്ധത്തിനു പോയതിലൂടെ ഇവരെ നയിക്കുന്നത് മറ്റ് താൽപര്യങ്ങളാണെന്ന് വ്യക്തമാക്കുന്നു.

(കടപ്പാട് : കേസരി, 2016 ഡിസംബർ 23)

□□


# പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്)

കേരള സഭയുടെ ആദ്ധ്യാത്മിക പിതാവും സഭയെ വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹന സമരത്തിന്റെ നേതാവുമായിരുന്ന പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. നല്ല മേനികടലാസിൽ അച്ചടിച്ച് ആധുനിക മലയാളഭാഷയിൽ പരാവർത്തനം ചെയ്ത ഈ ഗ്രന്ഥം സഭാചരിത്ര പഠിതാക്കൾക്ക് ഒരു കൈപ്പുസ്തകമാണ്.

പരാവർത്തനം : പ്രൊഫ. മാത്യു ഉലകംതറ

വില 125/- രൂപ.

പത്തുകോപ്പികൾ എടുക്കുന്നവർക്ക് ഒരു കോപ്പിക്ക് 100 രൂപ മാത്രം.

വിലാസം : ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാനമൗണ്ട്, ഇടമറ്റം പി.ഒ, ഭരണങ്ങാനം, കോട്ടയം- 686578

Statement about ownership and other particulars about
HOSANNA
FORM IV
(See Rule 8)

| | |
|---|---|
| 1. Place of Publication | : Edamattam |
| 2. Periodicity of its Publication | : Quarterly |
| 3. Printer's Name | : Joseph Pulikunnel |
| Nationality | : Indian |
| Address | : Hosanna Mount<br>Edamattam P.O. - 686 578<br>Kottayam Dist., Kerala |
| 4. Publisher's Name | : Joseph Pulikunnel |
| Nationality | : Indian |
| Address | : Hosanna Mount<br>: Edamattam P.O. - 686 578<br>: Kottayam Dist., Kerala |
| 5. Editor's Name | : Joseph Pulikunnel |
| Nationality | : Indian |
| Address | : Hosanna Mount<br>: Edamattam P.O. - 686 578<br>: Kottayam Dist., Kerala |
| 6. Name and Addresses of individuals who own the newspaper and partners or shareholders holding more than one percent of the total capital | : Indian Institute of<br>Christian Studies,<br>Hosanna Mount,<br>Edamattom P. O. - 686 578 |

I, Joseph Pulikunnel, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Dated 28th February 2017 — Joseph Pulikunnel

**'Registered' RNI Reg.No.27480/1975**

**HOSANA**

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper — Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ — Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) — Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ — Rs. 50
5. Personal Names of Kerala Christians ഡോ. എ.എം.മേരിക്കുട്ടി — Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ -വിവിധ ലേഖകർ — Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " — Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്) ജോസഫ് പുലിക്കുന്നേൽ — Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " — Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " — Rs. 80
11. Identity of Nazrani Church of Kerala " — Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " — Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " — Rs. 50
14. RSS-Christian Perspective Meet-a team of Speakers — Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study Joseph Pulikunnel — Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്) -ജോസഫ് പുലിക്കുന്നേൽ — Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " — Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ — Rs. 80

## ലഘുഗ്രന്ഥങ്ങൾലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10